# Bulletin

## Irinjalakuda Diocese

2023 JULY

Vol. 10 Issue : 07



"എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത്"

(മത്തായി 25 : 40)



"എന്റെ കർത്താവേ എന്റെ ദൈവമേ"

(യോഹന്നാൻ 20:28)

Best Compliments from...

# SAHṚDAYA
## GROUP OF INSTITUTIONS
Managed by Irinjalakuda Diocesan Educational Trust

We promote character, the rest follows...

EDUCATION IS DEDICATION

## SAHṚDAYA
### COLLEGE OF ENGINEERING AND TECHNOLOGY

PB No : 17, Kodakara, Thrissur, Pin : 680684 Ph : 0480 2726630, 2759275,
E-mail : info@sahrdaya.ac.in. Website: www.sahrdaya.ac.in

**COURSES OFFERED:**

**UG Courses :** BTech in Bio Medical Engineering (BM), Bio Technology (BT), Civil Engineering (CE), Computer Science(CS), Electronics and Communication (EC), Electrical and Electronics (EE),

**PG Courses :** MTech in Embedded Systems (ES), Industrial Bio Technology (IBT), Power Electronics and Drive (PED), Computer Science (CS),

-Lumen
IDET
INNOVATION IS INVENTION

## SAHṚDAYA-LUMEN ACADEMY
### COMPETITIVE EXAM COACHING CENTRE

**Irinjalakuda, Thrissur, Kerala, Pin: 680 121**
**Web:www.sahrdayalumenacademy.com**
**Ph.: 8289847600, 7994148803**

**PSC / BANK / SSC / K-Tet / UPSC Coaching**

EVER TO EXCEL

## SAHṚDAYA
### COLLEGE OF ADVANCED STUDIES

P.B. NO. 18, KODAKARA P.O., THRISSUR, 680 684
scasadmission@gmail.com, info@sahrdayacas.ac.in

www.sahrdayacas.ac.in
Apply Online

ADMISSION ENQUIRY
9446940458
9400063194
9497233713
0480 2713713

**UG & PG COURSES OFFERED**

B Com Professional, B Com Finance, B Com Computer Application, B Com Banking, B Com Taxation, BCA, BBA Finance, B Sc Psychology, B Sc Computer Science, B Sc Information Technology, B Sc Physics, B Sc Chemistry, B Sc Mathematics, B Sc Geology, B.A English with Journalism, B.A Malayalam with Journalism

M Com Finance, M Sc Psychology, M Sc Clinical Psychology, MSW, M Sc Computer Science, M.A English

**VALUE ADDED PROFESSIONAL PROGRAMMES**

CA, ACCA (UK) , CMA (US), CFA (US), FINTECH (US), CMA (IND), CS, LOGISTICS & SUPPLY CHAIN MANAGEMENT (CILT-UK), BUSSINESS ANALYTICS,CFP, CAT,AVIATION,CPA (US), ARTIFICIAL INTELLIGENCE (AI), BEC,FCE,CAE(CAMBRIDGE ENGLISH ASSESMENT ENGLISH), GIS, PERSON CENTERED THERAPY, COUNSELLNG SKILLS & PSYCHO THERAPY, TRANSACTIONAL ANALYSIS, DATA SCIENCE & MACHINE LEARNING

LEARN LEAD SERVE

## SAHṚDAYA
### INSTITUTE OF MANAGEMENT STUDIES

PB No: 19, Kodakara, Thrissur, Pin : 680684. Ph : 0480 2759275, 7025165333
Email : info@sahrdayasims.ac.in. Website: www.sahrdayasims.ac.in

**MBA @ SIMS COURSES OFFERED:**

Financial Management, HR Management, Marketing Management
International Business Management, Tourism & Hospitality Management

# 7th Death Anniversary

10th July 2023



# BISHOP MAR JAMES PAZHAYATTIL

**Honoring the Legacy of a Faithful Shepherd:**

A Minion of the Sacred Heart of Jesus,

who lived an exemplary life,

trusting in divine providence

and embodying an enduring spirit of selfless dedication.

# Bulletin Irinjalakuda Diocese

MY LORD, MY GOD

JULY - 2023
Vol.: 10 Issue: 07

***Address:***
Eparchial Curia
Bishop's House, P.B. No. 59
Irinjalakuda - 680 121

***Phone:***
0480 2826820
0480 2826830

***Website & E-mail:***
www.irinjalakudadiocese.com
ijkbph@gmail.com

***Subscription:***
Monthly : ₹ 20.00
Annual : ₹ 200.00

## ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 06 |
| സിനഡാനന്തര സർക്കുലർ | 10 |
| ഇടയലേഖനം - ദുക്റാന തിരുനാൾ | 15 |
| സർക്കുലർ | 20 |
| കച്ചേരികാര്യങ്ങൾ | 22 |
| ആദരാഞ്ജലികൾ | 30 |
| അനുസ്മരണദിനങ്ങൾ | 32 |
| സ്മരണാഞ്ജലി | 32 |
| മതബോധനം | 33 |
| സെന്റ് പോൾസ് മൈനർ സെമിനാരി | 36 |
| ബ്ലസ് എ ഹോം | 38 |
| പാക്സ് | 38 |
| നവചൈതന്യ | 39 |
| ബൈബിൾ അപ്പസ്തോലേറ്റ് | 41 |
| സ്പിരിച്ച്വാലിറ്റി സെന്റർ | 43 |
| അവാർഡ് | 44 |
| സോഷ്യൽ ആക്ഷൻ | 45 |
| സിൽച്ചർ മിഷൻ | 47 |
| ഇടയന്റെ ഇന്നലെകൾ | 52 |
| ഇടയന്റെ നാളെകൾ | 54 |







## കാലാതിശായിയായ കർമ്മയോഗി:
## ധന്യൻ ജോസഫ് വിതയത്തിലച്ചൻ

പ്രിയ സഹോദര വൈദിക സുഹൃത്തുക്കളേ, സ്നേഹമുള്ള സമർപ്പിതരേ, വാത്സല്യമുള്ള അത്മായ സഹോദരരേ,

കുഴിക്കാട്ടുശ്ശേരി, "വിശുദ്ധ മറിയം ത്രേസ്യ - ധന്യൻ ജോസഫ് വിതയത്തിൽ" തീർത്ഥകേന്ദ്രത്തിൽ വിതയത്തിലച്ചന്റെ 158-ാം ജന്മദിനവും 59-ാം ചരമവാർഷികവും ജൂലൈ 23ന് ആചരിക്കുകയാണ്. ധന്യൻ വിതയത്തിലച്ചൻ കാലാതിശായിയായിരുന്ന ഒരു കർമ്മയോഗിയായിരുന്നു. വിശുദ്ധി നിറഞ്ഞ ഒരു അജപാലകൻ, കാരുണ്യം തുളുമ്പിനിന്ന ഒരു ആത്മീയാചാര്യൻ, ദിവ്യകാരുണ്യത്തിന്റെ ഉപാസകൻ, വിവേകത്തോടും വിശുദ്ധിയോടും കൂടി ദൈവജനത്തെ നയിച്ച ഒരു ആദ്ധ്യാത്മിക ഉപദേഷ്ടാവ്, കുടുംബ പ്രേഷിതത്വത്തിന് ദിശാബോധം നൽകിയ ശുശ്രൂഷകൻ, നാടിന്റെ വികസനത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്ത സാമൂഹിക സമുദ്ധാരകൻ, ശബ്ദമില്ലാത്തവരുടെ ശബ്ദമായി വർത്തിച്ച സാംസ്കാരിക നായകൻ, ഒരു നാടിന്റെ ഒരു കാലഘട്ടത്തിലെ മനഃസാക്ഷിയുടെ ശബ്ദമായി നിലകൊണ്ട വ്യക്തിത്വം. വാക്കും പ്രവൃത്തിയും സമന്വയിച്ച ആധികാരിക ഉപദേഷ്ടാവ്. ഇങ്ങനെ വിതയത്തിലച്ചനെ കുറിച്ച് ധാരാളം വിശേഷണങ്ങൾ പറയാനുണ്ട്.

വിതയത്തിലച്ചനെ ധന്യനായി പ്രഖ്യാപിച്ചുകൊണ്ടുള്ള വത്തിക്കാൻ രേഖയിൽ പറയുന്നതിപ്രകാരമാണ്: "വിതയത്തിലച്ചന്റെ ക്രിസ്തീയ തീക്ഷ്ണതയും സമർപ്പണമനോഭാവവും സർവ്വമനുഷ്യർക്കും തിളങ്ങുന്ന മാതൃകയാണ്. നല്ല ഇടയന്റെ പ്രതിരൂപമായി ദൈവത്തിന് ആത്മാർപ്പണം ചെയ്ത് തീക്ഷ്ണമായ പ്രാർത്ഥനയിലും ആത്മാർത്ഥമായ സേവന പ്രവർത്തനങ്ങളിലും മുഴുകി അദ്ദേഹം ജീവിച്ചു". ദൈവം നൽകിയ 100 വർഷങ്ങൾ ധന്യമായി പൂർത്തിയാക്കി. ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞ 71 വർഷത്തെ പൗരോഹിത്യ ജീവിതത്തിലൂടെ കാലത്തെ അതിശയിക്കുന്ന വിലപ്പെട്ടൊരു പ്രവർത്തനശൈലി കാഴ്ച വച്ചു.

1894ൽ പൗരോഹിത്യം സ്വീകരിച്ച വിശുദ്ധി നിറഞ്ഞ അജപാലകനായിരുന്നു വിതയത്തിലച്ചൻ. ഒല്ലൂർ പള്ളിയിൽ അസ്തേന്തിയായും മുക്കാട്ടുകര, കണ്ടശ്ശാംകടവ്, എടത്തിരുത്തി, ചാലക്കുടി, പരിയാരം, കൊട്ടേക്കാട്, മാള എന്നിവിടങ്ങളിൽ വികാരിയായും സേവനം ചെയ്തശേഷം 20 വർഷകാലം പുത്തൻചിറ വികാരിയായി സ്തുത്യർഹമായ അജപാലന ശുശ്രൂഷ ചെയ്തു.

പുത്തൻചിറക്കാരുടെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന വിതയത്തിലച്ചൻ, കൃത്യനിഷ്ഠയും ത്യാഗനിർഭരമായ പ്രാർത്ഥനയിലൂടെയും ദിവ്യകാരുണ്യത്തിലുള്ള ഹൃദയസമർപ്പണത്തിലൂടെയും രൂപപ്പെടുത്തിയ ദൈവവുമായുള്ള വൈവയക്തിക ബന്ധത്തിൽനിന്നും ലഭിച്ച ആത്മീയശക്തിയാൽ നിറഞ്ഞ് ജാതിമതഭേദമെന്യേ ജനസമൂഹത്തിന്റ ഉന്നതിക്കുവേണ്ടി നല്ല ഇടയനെപ്പോലെ വർത്തിച്ചു. കുടുംബപ്രേഷിതത്വത്തിലൂടെ കുടുംബങ്ങളെ തിരുകുടുംബങ്ങളാക്കുവാൻ അക്ഷീണം പരിശ്രമിക്കുകയും ചെയ്തു.

ധന്യനായ വിതയത്തിലച്ചൻ പുത്തൻചിറ വികാരിയായിരിക്കുമ്പോഴാണ് വിശുദ്ധ മറിയം ത്രേസ്യയുടെ ആദ്ധ്യാത്മിക പിതാവാകുന്നത്. പുണ്യവഴികളിലൂടെ ചരിച്ച വിശുദ്ധ മറിയം ത്രേസ്യയെ 24 വർഷം ആത്മീയമായി നയിച്ചു. 1926ൽ വിശുദ്ധ മറിയം ത്രേസ്യ നിത്യതയിലേക്ക് യാത്രയാകുന്നതുവരെ വിശുദ്ധയുടെ mystic അനുഭവങ്ങളും സേവന ശുശ്രൂഷകളും സന്യാസസമൂഹ രൂപീകരണവും പ്രഥമകാല സന്യാസജീവിതവും കൃത്യമായും വ്യക്തമായും ദൈവഹിതാനുസരണം വിവേചിച്ചറിഞ്ഞ് അനുധാവനം ചെയ്തു. വിശുദ്ധിയുടെ മഹത്വത്തിലേക്ക് പ്രസ്തുത കന്യകയെ നയിച്ചു.

വിശുദ്ധയുടെ മരണശേഷം 16 വർഷം തിരുകുടുംബസന്യാസിനി സമൂഹത്തിന്റെ അമരക്കാരനായി വർത്തിക്കുകയും സകല ബാലാരിഷ്ടതകളെയും സുധീരമായി തരണം ചെയ്ത് ഭക്തിമാർഗ്ഗത്തിലൂടെ സമൂഹത്തെ വളർത്തിയെടുക്കുകയും ചെയ്തു.

2000 ത്തോളം സമർപ്പിതരുള്ള സി.എച്ച്.എഫ്. കോൺഗ്രിഗേഷന്റെ രൂപീകരണത്തിലും വളർച്ചയിലും വിശുദ്ധ മറിയം ത്രേസ്യയോടൊപ്പം അതുല്യമായ നേതൃത്വം നൽകിയ ആചാര്യശ്രേഷ്ഠനാണ് വിതയത്തിലച്ചൻ. ഈശോയുടെ മനുഷ്യാവതാരത്തിന് നിസ്തുലമായ പങ്കുവഹിച്ചവരാണ് മാതാവായ പരിശുദ്ധ കന്യകാമറിയവും വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിതാവും. ഇതുപോലെ തിരുകുടുംബസന്യാ

സിനി സമൂഹത്തിന്റെ സ്ഥാപക മാതാവ് വിശുദ്ധ മറിയം ത്രേസ്യായും വളർത്തുപിതാവ് ധന്യനായ വിതയത്തിലച്ചനുമാണ്.

തിരുകുടുംബ സന്യാസിനി സമൂഹ സ്ഥാപകയായി വിശുദ്ധ മറിയം ത്രേസ്യയെ പുണ്യവഴിയിൽ ഒരുക്കിയെടുക്കുന്നതിനും സമൂഹത്തെ വളർത്തികൊണ്ടുവരുന്നതിനും ജീവിതം വ്യയം ചെയ്ത വിതയത്തിലച്ചന്റെ ധന്യമായ പ്രവർത്തനശൈലി ആദ്ധ്യാത്മിക ഉപദേഷ്ടാക്കൾക്ക് ഒരു പാഠപുസ്തകവും ചൂണ്ടുപലകയുമാണ്. അജപാലനശുശ്രൂഷയോടൊപ്പം തന്റെ 71 വർഷത്തെ പൗരോഹിത്യജീവിതത്തിൽ 20 വർഷം പുത്തൻചിറയിൽ വികാരിയായും 43 വർഷം കുഴിക്കാട്ടുശ്ശേരി മഠം കപ്ലോനായും ശുശ്രൂഷ ചെയ്തപ്പോഴൊക്കെയും നാടിന്റെ വികസനത്തിനുവേണ്ടി ആത്മാർപ്പണം ചെയ്ത സാമൂഹിക പരിഷ്കർത്താവും സാമൂഹിക ഉദ്ധാരകനും നലംതികഞ്ഞ സാംസ്കാരിക നായകനുമായിരുന്നു.

കാരുണ്യമായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലൊക്കെ വിളങ്ങിയിരുന്ന സവിശേഷത. വാക്കിലും പ്രവർത്തിയിലും ആധികാരികത പ്രകടമായിരുന്നു. അതിനാൽ, വാക്കും പ്രവൃത്തിയും പൊരുത്തപ്പെട്ടു. ഒരു നാടിന്റെ മനഃസാക്ഷിയുടെ സ്വരമായി, പാവപ്പെട്ടവരുടെ ശബ്ദമായി അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നിലകൊണ്ടു.

നാടിന്റെ വികസനത്തിനായി ചെയ്ത സേവനങ്ങൾ ഏറെയാണ്. പുത്തൻചിറ - കൊമ്പത്തുകടവ് റോഡ്, കുഴിക്കാട്ടുശ്ശേരിയിലെ തപാലാപ്പീസ്, ഇൻഡസ്ട്രിയൽ സ്കൂൾ, വിവിധ മഠങ്ങളോടു ചേർന്ന് ആരംഭിച്ച പെൺകുട്ടികൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവ ഏതാനും ഉദാഹരണങ്ങൾ മാത്രം.

സ്വന്തമായി ചിലവുകൾ ചുരുക്കി മിച്ചം വച്ചും ഉദാരമനസ്കരിൽനിന്ന് ദാനം സ്വീകരിച്ചും നാട്ടിലുള്ള പാവപ്പെട്ടവരുടെ അടിയന്തരാവശ്യങ്ങളിൽ ഇടപ്പെട്ട് സഹായിക്കുവാൻ വിതയത്തിലച്ചൻ എന്നും മുൻപന്തിയിലായിരുന്നു.

നല്ല ഇടയൻ ആടുകളെ അറിയുന്നതുപോലെ വിതയത്തിലച്ചന് പുത്തൻചിറ കുഴിക്കാട്ടുശ്ശേരി പ്രദേശത്തുള്ള എല്ലാ വീടുകളും അവരുടെ അത്യാവശ്യങ്ങളും അറിയാമായിരുന്നു. ഈ തിരിച്ചറിവാണ് അദ്ദേഹത്തെ ഒരു സാമൂഹിക പരിഷ്കർത്താവായി ഉയർത്തിയത്. ഈശോ തന്റെ പരസ്യജീവിത കാലഘട്ടത്തിൽ പ്രധാനപ്പെട്ട തീരുമാന

ങ്ങൾക്കുമുമ്പ് ഏകാന്തതയിൽ മലമുകളിൽ പിതാവിനോട് ദൈവ ഹിതം ആരായുമായിരുന്നു.

ഈശോയുടെ ജീവിതത്തോട് ചേർത്ത് വച്ചാണ് വിതയത്തിലച്ചൻ തന്റെ ജീവിത ശൈലി രൂപപ്പെടുത്തിയത്. ദിവ്യകാരുണ്യ ഈശോ യോടൊപ്പം ചിലവഴിക്കുവാൻ കണ്ടെത്തിയ മണിക്കൂറുകൾ, വിശുദ്ധി നിറഞ്ഞ ജീവിതം നയിക്കുവാൻ ശക്തി നല്കി. അതുകൊണ്ടാണ് അദ്ദേഹത്തെ വിശുദ്ധ കുർബാനയുടെ ഉപാസകനെന്ന് വിശേഷിപ്പി ക്കുന്നത്.

ദൈവഹിതത്തിന് കീഴ്വഴങ്ങി നിയോഗനിർവ്വഹണത്തിന്റെ കാൽവരി വഴികളിൽ സഞ്ചരിക്കുന്ന വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും സാമൂഹിക സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർക്കും വിതയത്തിലച്ചന്റെ ജീവിതദർശനവും ആത്മീയ വീക്ഷണവും അജപാലനചൈതന്യവും സാമൂഹിക സേവ നവും ഒരു പാഠപുസ്തകമാണ്; ഒരു ജീവിത മാതൃകയാണ്. അദ്ദേഹ ത്തിന്റെ നാമകരണ പ്രക്രിയ 2005ൽ ആരംഭിച്ചു. 2004ൽ ദൈവദാസ നായും 2015ൽ ധന്യനായും പ്രഖ്യാപിച്ചു.

ധന്യൻ വിതയത്തിലച്ചന്റെ അജപാലന വഴികളിൽ പ്രകടമായ വിശു ദ്ധിയും തീക്ഷ്ണതയും സാമൂഹിക പ്രതിബദ്ധതയും വിവേകവും ആത്മീയ നിയന്താവിനടുത്ത വിവേചനശക്തിയും പാവപ്പെട്ടവരോടുള്ള പക്ഷംചേരലും അദ്ദേഹത്തിന്റെ പുണ്യവഴികളിലെ നാഴികകല്ലുകളാണ്.

കാലാതിശായിയായിരുന്ന ധന്യൻ ജോസഫ് വിതയത്തിലച്ചനെ സർവ്വജനതകൾക്കും മാതൃകയായി ഉയർത്തപ്പെടുവാൻ, വിശുദ്ധനെന്ന് നാമകരണം ചെയ്യപ്പെടുവാൻ എത്രയും പെട്ടെന്ന് ഇടവരട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

+ Pauly Kannookadan

ഇരിങ്ങാലക്കുട
25.06.2023

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

Prot. No. 0597/2023

# സിനഡാനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്ത മാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ പ്രത്യേക സിനഡുസമ്മേളനം 2023-ാം ആണ്ട് ജൂൺ മാസം 12 മുതൽ 16 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലിക വിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണു സിനഡുപിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനു ഹൃദയപൂർവ്വം നന്ദി പറയുന്നു.

**എറണാകുളം-അങ്കമാലി അതിരൂപത**

ഏകീകൃത വിശുദ്ധകുർബാനയർപ്പണരീതിയുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികൾക്കു ശാശ്വതമായ പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണു പ്രധാനമായും ഈ സിനഡുസമ്മേളനം വിളിച്ചുചേർത്തത്. നമ്മുടെ സഭയുടെ സ്ഥിരം സിനഡ് അംഗങ്ങൾ വത്തിക്കാനിലെത്തി സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിനും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ ആർച്ചുബിഷപ്പ് ക്ലൗദിയോ ഗുജറോത്തിയുമായി നിലവിലെ പ്രതിസന്ധികളെക്കുറിച്ചു വിശദമായ ചർച്ചകൾ നടത്തി. പ്രസ്തുത ചർച്ചയിൽ പ്രശ്നപരിഹാരം ലക്ഷ്യമാക്കി ഉരുത്തിരിഞ്ഞ നിർദേശങ്ങളുടെ വെളിച്ചത്തിലാണു സിനഡിലെ ചർച്ചകൾ നടത്തിയത്. സീറോമലബാർസഭയുടെ സിനഡു തീരുമാനിച്ചതും ശ്ലൈഹികസിംഹാസനം അംഗീകരിച്ചതും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിച്ചതുമായ ഏകീകൃത കുർബാനയർപ്പണരീതി യാതൊരു മാറ്റവുമില്ലാതെ തുടരുമെന്നു

സിനഡ് ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. ഏതെങ്കിലും ഒരു രൂപതയിൽ ഇതു നടപ്പിലാക്കാൻ പ്രതിസന്ധി നേരിടുന്നു എന്നതു മേല്പറഞ്ഞ തീരുമാനത്തെ യാതൊരു വിധത്തിലും അസ്ഥിരപ്പെടുത്തുകയോ അസാധുവാക്കുകയോ ചെയ്യുന്നില്ല. സഭയിലെ മറ്റെല്ലാ രൂപതകളെയും കൂട്ടായ്മയിലേക്കു നയിച്ച തീരുമാനത്തിൽ മാറ്റംവരുത്തുന്നതു സഭയിൽ അരാജകത്വം സൃഷ്ടിക്കും. ഈ സത്യം മനസിലാക്കി വിയോജിപ്പുള്ളവരും കൂട്ടായ്മയിലേക്കു കടന്നുവരണമെന്നു സിനഡ് ആവർത്തിച്ച് ആവശ്യപ്പെടുകയാണ്. എല്ലാ പ്രതിസന്ധികളിലും കത്തോലിക്കാകൂട്ടായ്മയിൽ ഉറച്ചുനിന്ന നമ്മുടെ പൈതൃകം ചില നിക്ഷിപ്ത താല്പര്യങ്ങളുടെ പേരിൽ ബലികൊടുക്കാൻ ഇടവരരുത്.

അഭിപ്രായാന്തരങ്ങൾ ചർച്ചകളിലൂടെയാണു പരിഹരിക്കേണ്ടത്. എറണാകുളം-അങ്കമാലി അതിരൂപതയുമായി വിവിധ തലങ്ങളിൽ സിനഡിന്റെ പ്രതിനിധികൾ ചർച്ച നടത്തിയിട്ടുണ്ട്. ഈ ചർച്ചകൾ കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് ആവശ്യകമായ സാഹചര്യങ്ങൾ ക്രമീകരിക്കണമെന്നു പരിശുദ്ധ പിതാവിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ചർച്ചകൾക്കൊപ്പം സഭാവിരുദ്ധനിലപാടുകളെ തിരുത്തുന്നതിനും സഭാത്മകമായ ഒരുമിച്ചുനടക്കലിന്റെ (Synodality) ആവശ്യകത വിശദമാക്കുന്നതിനും സഹായകമായരീതിയിൽ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു വേണ്ടിയുള്ള ഒരു പേപ്പൽ ഡെലഗേറ്റിനെയാണു സിനഡ് അഭ്യർത്ഥിച്ചിട്ടുള്ളത്. സിനഡിന്റെ ഈ അഭ്യർത്ഥനയെ അനുഭാവപൂർവ്വം പരിഗണിക്കാമെന്നു പരിശുദ്ധ പിതാവ് ഉറപ്പുനൽകിയിട്ടുണ്ട്. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ടു നിലനില്ക്കുന്ന എല്ലാ പ്രതിസന്ധികളും പുതിയ സംവിധാനത്തിലൂടെ എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ പരിഹരിക്കാനാകുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

ദൈവകൃപയാൽ നമ്മുടെ സഭ ആഗോളതലത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവാദിത്വം വർദ്ധമാനമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ, എറണാകുളം-അങ്കമാലിപോലെ അതിവിസ്തൃതമായ ഒരു അതിരൂപതയുടെ ഭരണച്ചുമതലകൂടി മേജർ ആർച്ചുബിഷപ്പു നിർവഹിക്കുന്ന പതിവു തുടർന്നുപോകുന്നത് ശ്രമകരമായിരിക്കുമെന്നു സിനഡു വിലയിരുത്തുന്നു. എന്നാൽ, നിലവിലുള്ള എറണാകുളം-അങ്കമാലി അതിരൂപതയെ വിഭജിക്കാനോ അതിരൂപതയുടെ ഭൂമിശാസ്ത്രപരമായ അതിർത്തികൾ പുനഃക്രമീക

രിക്കാനോ സിനഡ് ഉദ്ദേശിക്കുന്നില്ല. ഇതുസംബന്ധിച്ചുള്ള വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ. നിലവിലുള്ള എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു സ്വതന്ത്രഭരണച്ചുമതലയുള്ള അതിരൂപതാധ്യക്ഷനെ നിയോഗിക്കണമെന്നാണു സിനഡുപിതാക്കന്മാർ ആഗ്രഹിക്കുന്നത്. ഇതിനു സഹായകമായ ക്രമീകരണങ്ങൾക്കായി ശ്ലൈഹികസിംഹാസനത്തോടു സിനഡ് അഭ്യർത്ഥിച്ചിട്ടുണ്ട്.

താത്കാലികമായ പ്രശ്നപരിഹാരം എന്നതിലുപരി, എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട സങ്കീർണമായ വിഷയങ്ങൾ അതിരൂപതയുടെകൂടി നന്മയെ ലക്ഷ്യമാക്കി ശാശ്വതമായി പരിഹരിക്കുന്നതിന് ആവശ്യകമായ ഒരു കർമപദ്ധതിയാണു ശ്ലൈഹികസിംഹാസനത്തിന്റെ അനുമതിയോടെ നടപ്പിലാക്കാനാണ് സിനഡു പരിശ്രമിക്കുന്നത്. നിലവിലുള്ള സംവിധാനങ്ങളിൽ മേല്പറഞ്ഞ മാറ്റങ്ങൾ വരുത്തുന്നതിനു ശ്ലൈഹികസിംഹാസനത്തിന്റെ അനുമതി ആവശ്യമാണ്. അതിനാലാണു കൃത്യമായ തീരുമാനങ്ങൾ ഇപ്പോൾ പ്രഖ്യാപിക്കാൻ കഴിയാത്തത്. ഏറെ വൈകാതെ നിലവിലുള്ള പ്രതിസന്ധികളെല്ലാം ശാശ്വതമായി പരിഹരിക്കാനാകും എന്ന ഉറച്ച പ്രത്യാശയാണു സിനഡിനുള്ളത്. ഇതിനായി സഭയൊന്നാകെ പ്രാർത്ഥിക്കണമെന്നു സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു.

**എറണാകുളം ബസിലിക്ക**

മേജർ ആർച്ചുബിഷപ്പിന്റെ ആസ്ഥാനദൈവാലയമായ എറണാകുളം സെന്റ് മേരീസ് ബസിലിക്ക ഏതാനും മാസങ്ങളായി അടഞ്ഞുകിടക്കുന്നതു സഭയുടെ മുഴുവൻ ദുഃഖമാണ്. ഏകീകൃത കുർബാനയർപ്പണരീതിയെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും തമ്മിലുണ്ടായ സംഘർഷം ക്രമസമാധാനപ്രശ്നമായി വളർന്നപ്പോഴാണ് ആദ്യം ജില്ലാഭരണകൂടവും പിന്നീടു പോലീസും മുൻകൈ എടുത്തു ബസിലിക്ക അടച്ചത്. പൊതുസമൂഹത്തിൽ സഭയുടെ പ്രതിച്ഛായ ഏറെ വികലമാക്കുന്ന പ്രവർത്തനങ്ങൾ ഇതിനോടനുബന്ധിച്ചു നടന്നതു നമ്മുടെ സഭയ്ക്കു തീരാകളങ്കമായി.

എറണാകുളം ബസിലിക്കാദൈവാലയം തുറക്കാനും വിശുദ്ധകുർബാനയൊഴികെയുള്ള ആത്മീയകർമങ്ങൾ അനുഷ്ഠിക്കാനും ധാരണയായിട്ടുണ്ട്. കത്തീഡ്രൽ ദൈവാലയം എന്ന നിലയിൽ ശ്ലൈഹികസിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം ഏകീകൃതരീതിയിലുള്ള വിശു

ഢകുർബാനയർപ്പണമല്ലാതെ ജനാഭിമുഖകുർബാന അവിടെ അർപ്പിക്കില്ല എന്നു ബസിലിക്കാ വികാരിയും കൈക്കാരന്മാരും നൽകിയ ഉറപ്പിന്മേലാണു ദൈവാലയം തുറക്കുന്നത്. ഇതിനുവിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരേ കാനൻനിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചു തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുന്നവരെ അവഗണിച്ചു, പരസ്പരവിശ്വാസവും സ്നേഹവുംവഴി സഭാഗാത്രത്തിലെ മുറിവുകൾ ഉണക്കാൻ എല്ലാവരും ബോധപൂർവം ശ്രമിക്കണം.

**മണിപ്പൂർ കലാപം**

ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ ഭാരതത്തിൽ വർദ്ധിച്ചുവരുന്നതു തികച്ചും ആശങ്കാജനകമാണ്. ഗോത്രസംഘർഷമായി ആരംഭിച്ച മണിപ്പൂർ കലാപം വർഗീയമായി ആളിക്കത്താൻ തുടങ്ങിയിട്ട് ആഴ്ചകളായെങ്കിലും അഗ്നിയണക്കാൻ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നു കാര്യമായ ശ്രമങ്ങളൊന്നും ഉണ്ടാകുന്നില്ല. വർഗീയ കലാപമായി മാറിയ സംഘർഷത്തിൽ നൂറുക്കണക്കിനു മനുഷ്യജീവൻ പൊലിഞ്ഞിട്ടും അക്രമങ്ങൾ നിയന്ത്രിക്കാനോ വിധ്വംസകപ്രവർത്തകരെ നിലയ്ക്കുനിറുത്താനോ ഭരണകൂടത്തിനു കഴിയുന്നില്ല. മുന്നൂറോളം ക്രൈസ്തവ ദൈവാലയങ്ങൾ തകർക്കപ്പെട്ടിട്ടും ആയിരങ്ങൾ ഭവനരഹിതരായിട്ടും ഇത്തരം പ്രവർത്തനങ്ങളെ അപലപിക്കാനോ കലാപകാരികളെ തള്ളിപറയാനോ ഭരണത്തിന്റെ തലപ്പത്തുള്ളവർ ഇനിയും തയ്യാറായിട്ടില്ല എന്നതു വേദനാജനകമാണ്.

ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങിടാനും ന്യൂനപക്ഷങ്ങളെ ശ്വാസംമുട്ടിക്കാനുമായി നിയമങ്ങൾതന്നെ നിർമിക്കപ്പെടുന്നു എന്നതു ജനാധിപത്യത്തിനു ഭൂഷണമല്ല. ഭൂരിപക്ഷത്തിന്റെ പിൻബലത്തിൽ ഭരണഘടനാമൂല്യങ്ങൾ അട്ടിമറിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തി ന്യൂനപക്ഷങ്ങളെ സംരക്ഷിക്കേണ്ടത് ഭരണകൂടങ്ങളുടെ ഉത്തരവാദിത്വമാണ്. കേരളത്തിലും ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വർഗീയ ലക്ഷ്യങ്ങളോടെ ആക്രമിക്കപ്പെടുന്ന സാഹചര്യം വർദ്ധിച്ചുവരുന്നത് ഏറെ ആശങ്കയുളവാക്കുന്നതാണ്.

**കാർഷിക പ്രശ്നങ്ങൾ**

കേരളത്തിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുഭാവപൂർവമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. ബഫർസോൺ വിഷയത്തിൽ സുപ്രീംകോടതിവിധി

ക്കുശേഷവും കർഷകരുടെ ആശങ്കകൾ പരിഹരിക്കപ്പെടാതെ നില്ക്കുന്നു എന്ന സത്യം സംസ്ഥാനസർക്കാർ മനസ്സിലാക്കണം. കൃഷിഭൂമിയിൽ ഇറങ്ങുന്ന വന്യമൃഗങ്ങൾ കർഷകന്റെ ജീവനും സ്വത്തിനും ഭീഷണിയായി മാറിയിട്ടും കർഷകനെ സംരക്ഷിക്കുന്ന നയങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല എന്നുള്ളതു ദുഃഖകരമാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ മൂലമുള്ള ജീവഹാനി സമീപകാലത്തു വളരെയേറെ വർദ്ധിച്ചിരിക്കുന്നത് കർഷകരെ ആശങ്കയിലാഴ്ത്തുന്നുണ്ട്.

കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ച കർഷകകുടുംബങ്ങളെ കടക്കെണിയിലും മുഴുപ്പട്ടിണിയിലുമാക്കിയിരിക്കുന്നു എന്ന സത്യം സർക്കാർ തിരിച്ചറിയണം. കാർഷികോല്പന്നങ്ങൾക്കു ന്യായമായ താങ്ങുവില പ്രഖ്യാപിക്കും എന്ന വാഗ്ദാനം തെരഞ്ഞെടുപ്പു പ്രകടനപത്രികയിൽ മാത്രമായി ഒതുങ്ങിപോകുന്നില്ല എന്നു സർക്കാർ ഉറപ്പുവരുത്തണം. ഏറ്റെടുത്ത നെല്ലിന്റെ വിലകിട്ടാനായി സമരമുഖത്തായിരിക്കുന്ന നെൽകർഷകരുടെ പ്രശ്നങ്ങളിൽ സത്വരമായി ഇടപെടണമെന്നു സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. അതിജീവനം അസാധ്യമെന്ന തിരിച്ചറിവിൽ യുവജനങ്ങളിൽ നല്ലൊരു പങ്കു നാടുവിട്ടുപോകാനിടയാകുന്ന സാഹചര്യം ഒരു സർക്കാരിനും ഭൂഷണമല്ലെന്നു മനസിലാക്കണം.

നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദി പറയാം. ദൈവത്തിന്റെ അനുഗ്രഹീത മാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023-ാം ആണ്ട് ജൂൺ മാസം 16-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

Prot. No. 0611/2023

## ഇടയലേഖനം

## ദുക്റാനതിരുനാൾ - സഭാദിനം 2023

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാനതിരുനാൾ സഭാദിനമായി മുൻ വർഷങ്ങളിലേതുപോലെതന്നെ ഈ വർഷവും നമ്മൾ ആചരിക്കുകയാണല്ലോ. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന മാർതോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനവും തുടർന്ന് അദ്ദേഹം നടത്തിയ സുവിശേഷപ്രഘോഷണയാത്രയും താൻ പ്രഘോഷിച്ച വിശ്വാസത്തിനു സാക്ഷ്യം നല്കികൊണ്ടു വരിച്ച രക്തസാക്ഷിത്വവുമാണ് നമ്മുടെ സഭയുടെയും നാമോരോരുത്തരുടെയും വിശ്വാസം പണിതുയർത്തിയിരിക്കുന്ന മൂലക്കല്ല്. രക്ഷാകര സന്ദേശം ഭാരതത്തിൽ എത്തിക്കാൻ മാർതോമാശ്ലീഹായെ നിയോഗിച്ച ദൈവപരിപാലനയ്ക്കു നന്ദിപറയാനും ശ്ലീഹായുടെ ജീവിതസാക്ഷ്യത്തിൽനിന്ന് ഊർജം സ്വീകരിച്ചുകൊണ്ടു ഇന്നത്തെ കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികൾ ധീരതയോടെ അഭിമുഖീകരിക്കാനുള്ള വിശ്വാസതീക്ഷ്ണതയ്ക്കുവേണ്ടി പ്രാർഥിക്കാനും ഈ വർഷത്തെ തിരുനാളാഘോഷം ഇടവരുത്തട്ടെ. അതിനുതകുന്ന ഏതാനും കാര്യങ്ങൾ ഈ ഇടയലേഖനത്തിലൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

ക്രിസ്തുവർഷം 72ൽ മദ്രാസിലെ ചിന്നമലയിൽ മാർതോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതിന്റെ 1950-ാം വാർഷികാചരണമായിരുന്നു കഴിഞ്ഞ വർഷത്തെ ദുക്റാന തിരുനാളിന്റെ മുഖ്യപ്രമേയം. സഭയുടെ വിവിധ തലങ്ങളിൽ അതു നമ്മൾ ആഘോഷിച്ചു. സീറോമലബാർ ഹയരാർക്കി 1923-ൽ സ്ഥാപിതമായതിന്റെ ശതാബ്ദിവർഷമെന്ന പ്രത്യേകതയാണ് ഈ വർഷത്തെ ആഘോഷങ്ങൾക്കുള്ളത്. മാർ തോമാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്താൽ ആരംഭിച്ച ഈ സഭ ആദ്യനൂറ്റാണ്ടുകളിൽ തദ്ദേശീയമായ സംവിധാനങ്ങളിലൂടെ വളർച്ചയാരംഭിക്കുകയും പേർഷ്യൻ സഭയുമായുള്ള ബന്ധത്തിലൂടെ ആരാധനക്രമപരവും ഘടനാപരവുമായ വളർച്ച നേടുകയും ചെയ്തു. പതിനാറാം നൂറ്റാണ്ടിൽ ലത്തീൻഭരണസംവിധാനത്തിലായ നമ്മുടെ സഭ, ഉദയംപേരൂർ സൂനഹദോസിലൂടെയുണ്ടായ പ്രതിസന്ധി വഴി കൂനൻകുരിശുസത്യത്തിലേക്കു നയിക്കപ്പെട്ടു. ഈ സാഹചര്യത്തിലും

പരിശുദ്ധ സിംഹാസനത്തോടൊപ്പം നില്ക്കാൻ നമുക്കു കഴിഞ്ഞു. 1887-ൽ ഭാഗ്യസ്മരണാർഹനായ ലെയോ പതിമൂന്നാമൻ മാർപാപ്പയാണ് സുറിയാനി കത്തോലിക്കരെ ലത്തീൻസഭയിൽനിന്നു വേർതിരിച്ചുകൊണ്ടു സീറോ മലബാർ വിശ്വാസികൾക്കുവേണ്ടി തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചത്. 1896-ൽ കോട്ടയം, തൃശൂർ വികാരിയാത്തുകളിൽനിന്നു എറണാകുളം വികാരിയാത്തു സ്ഥാപിതമാകുകയും കോട്ടയം വികാരിയാത്തു ചങ്ങനാശ്ശേരി എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. തൃശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നീ മൂന്നു വികാരിയാത്തുകളിലും തദ്ദേശീയമെത്രാന്മാരെ നിയമിക്കുകയുംചെയ്തു. 1911-ൽ ക്നാനായക്കാർക്കായി കോട്ടയം വികാരിയാത്തു സ്ഥാപിതമായി. ഈ ഹയരാർക്കിക്കൽ സംവിധാനങ്ങളുടെ പൂർത്തീകരണമായി 1923 ഡിസംബർ 21-ന് പതിനൊന്നാം പിയൂസ് മാർപാപ്പ എറണാകുളം വികാരിയാത്തിനെ അതിരൂപതയായും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം വികാരിയാത്തുകളെ സാമന്തരൂപതകളായും നിശ്ചയിച്ചുകൊണ്ടു സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചു. നമ്മുടെ സഭയുടെ വളർച്ചയിൽ നാഴികക്കല്ലായി മാറിയ ഈ ചരിത്രസംഭവത്തിന്റെ ശതാബ്ദിയാണ് ഈ വർഷം നമ്മളാചരിക്കുന്നത്.

പിന്നീടുള്ള വർഷങ്ങളിൽ നമ്മുടെ സഭയുടെ വളർച്ച ത്വരിതപ്പെടുത്തുന്ന നടപടികൾ പരി. സിംഹാസനം സ്വീകരിച്ചു. 1956-ൽ ചങ്ങനാശ്ശേരി അതിരൂപതയായി ഉയർത്തപ്പെട്ടു. കേരളത്തിലും കേരളത്തിനു പുറത്തും പുതിയ രൂപതകൾ സ്ഥാപിതമായി. 1990-ൽ പ്രാബല്യത്തിൽ വന്ന പൗരസ്ത്യ കാനൻനിയമസംഹിതയനുസരിച്ച് 1992 ഡിസംബർ 16-ാം തീയതി വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ സീറോമലബാർ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി നിയമിക്കുകയും ചെയ്തു. പിന്നീട് 1995-ൽ തൃശ്ശൂർ, തലശ്ശേരി രൂപതകൾ അതിരൂപതകളായി ഉയർത്തപ്പെട്ടു. ഭാരതത്തിലും ഭാരതത്തിനു പുറത്തും പുതിയ രൂപതകൾ സ്ഥാപിതമായി. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ 2017 ഒക്ടോബർ 10-ന് സീറോമലബാർ സഭയുടെ അതിർത്തി ഭാരതംമുഴുവനിലേക്കും വ്യാപിപ്പിക്കുകയും അജപാലനത്തിനും സുവിശേഷവത്ക്കരണത്തിനുമായുള്ള അവകാശം സഭയ്ക്കു നല്കുകയും ചെയ്തത് സഭാചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവമാണ്. 1923-ൽ നിന്നു 2023-ലേക്കുള്ള വളർച്ചയുടെ ഫലമായി സീറോമലബാർ സഭയ്ക്കു ഭാരതത്തിൽ 31 രൂപതകളും ഭാരതത്തിനു പുറത്ത് 4 രൂപതകളും ഒരു അപ്പസ്തോലിക് വിസിറ്റേഷനും ഉൾപ്പെടെ സഭാസംവിധാനങ്ങളുടെ വിപുലീകരണത്തിലും ഇതരമേഖലകളിലും നിർണായകമായ വളർച്ച നേടാൻ സാധിച്ചുവെന്നതിൽ നമുക്കു ദൈവത്തിനു നന്ദിപറയാം.

സഭയുടെ ഹയരാർക്കിക്കൽ വളർച്ചയ്ക്കൊത്തു ആത്മീയതയിലും

കൂട്ടായ്മയിലുമുള്ള വളർച്ചയും ഈ കാലയളവിൽ നേടാൻ സാധിച്ചിട്ടുണ്ട് എന്നതു യാഥാർത്ഥ്യമാണ്. മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും ഒത്തൊരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമാണു നമ്മുടെ സഭയ്ക്കു കൈവന്നിരിക്കുന്ന വളർച്ച. 2023 ജൂൺ മാസം കൂടിയ മെത്രാൻ സിനഡിൽ കൈക്കൊണ്ട തീരുമാനങ്ങൾ സഭയുടെ വളർച്ചയ്ക്കു പുതിയ ദിശാബോധം നല്കുന്നതിനും പ്രേഷിതമേഖലകളെ ശക്തിപ്പെടുത്തുന്ന തിനും വിവിധ സഭാശുശ്രൂഷകളെ ഏകോപിപ്പിക്കുന്നതിനും ഉപകരിക്കുന്ന വയാണ്. ഈ ലക്ഷ്യത്തോടെയുള്ള സിനഡുതീരുമാനങ്ങൾ പരി. സിംഹാ സനത്തിന്റെ അംഗീകാരത്തോടെ നടപ്പിൽ വരുമ്പോൾ നമ്മുടെ സഭയുടെ ചരിത്രം പുതിയ ഘട്ടത്തിലേയ്ക്കു പ്രവേശിക്കും. ദൈവപരിപാലനയിൽ ആശ്രയമർപ്പിച്ചു കൊണ്ടും നമ്മുടെ വിശ്വാസപാരമ്പര്യങ്ങളെ മുറുകെ പ്പിടിച്ചുകൊണ്ടും പൗരസ്ത്യസഭയുടേതായ സംവിധാനങ്ങളെ ശക്തിപ്പെടു ത്തിക്കൊണ്ടും നമുക്ക് ഒരുമിച്ചു മുന്നേറാം.

സാർവത്രികസഭയുടെ കൂട്ടായ്മയിൽ ഒരു വ്യക്തിസഭയായി നാം വളരുമ്പോൾ പരിശുദ്ധ പിതാവിനോടു ചേർന്നു വൈദികമേലധ്യക്ഷന്മാരും വൈദികരും സമർപ്പിതരും അല്മായരും വിധേയത്വത്തോടെയും സഹകരണ മനോഭാവത്തോടെയും വർത്തിക്കണം. നമ്മുടെ സഭയിൽ സിനഡാത്മകത (synodality) എല്ലാതലങ്ങളിലും പ്രായോഗികമാക്കാൻ എല്ലാവരും പരിശ്രമിക്കണം. 'ഒന്നിച്ചു നടക്കുക' എന്നതുകൊണ്ടു പരിശുദ്ധ പിതാവ് ഉദ്ദേശിക്കുന്നത് ഒന്നിച്ചു ചിന്തിക്കുകയും ഒന്നിച്ചു സംവദിക്കുകയും ഒരുമയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന ജീവിതശൈലിയാണ്. ദൈവത്തിന്റെ കൃപയാലും സഭാമക്കളുടെ സ്നേഹത്താലും സഹകരണ ത്താലും നമ്മുടെ സഭാകൂട്ടായ്മയെ ശക്തിപ്പെടുത്താൻ നമുക്കു പരിശ്രമിക്കാം.

ഈ പശ്ചാത്തലത്തിൽ ഒരു പ്രത്യേക കാര്യം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. സീറോമലബാർസഭ കേരളത്തിൽനിന്നു ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കും ഭാരതത്തിൽനിന്നു ലോകത്തിന്റെ വിവിധ രാജ്യങ്ങളിലേയ്ക്കും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ നിന്നു സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനും ജോലിക്കുംവേണ്ടി വിദേശരാജ്യങ്ങളിലേയ്ക്കു പോകുന്നവരുടെ എണ്ണം അനുദിനം വർധിച്ചു കൊണ്ടിരിക്കുകയാണ്. ഇവർ പിന്നീടു അവിടങ്ങളിൽ സ്ഥിര താമസക്കാരായി മാറുകയും ചെയ്യുന്നു. ഈ കുടുംബങ്ങൾക്കും വ്യക്തികൾക്കും അജപാലന ശുശ്രൂഷ നല്കുന്നതിനായാണ് അമേരിക്കയിലും കാനഡയിലും ഗ്രേറ്റ്ബിട്ടനിലും ഓസ്ട്രേലിയയിലും സീറോമലബാർ രൂപതകളും യൂറോപ്പിൽ അപ്പസ്തോലിക് വിസിറ്റേഷനും സ്ഥാപിതമായിരിക്കുന്നത്. മാതൃസഭയിൽനിന്നു വിദേശരാജ്യങ്ങളിൽ എത്തിച്ചേരുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടു

ക്കാനും സഭാകൂട്ടായ്മയിൽ അവരെ ചേർത്തുനിറുത്താനും മാതൃസഭയിലെ രൂപതകളും വിദേശരാജ്യങ്ങളിലെ രൂപതകളുംചേർന്നു സംയുക്ത അജപാലന പദ്ധതികൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. വിദേശരാജ്യങ്ങളിലേയ്ക്കു പോകുന്നവർ സീറോമലബാർസഭയിലെ അംഗങ്ങൾ എന്ന അവബോധത്തോടെ തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിക്കാനും ആരാധനക്രമസംബന്ധമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും പിന്തുടരാനും കുഞ്ഞുങ്ങൾക്കു സഭാകൂട്ടായ്മയിൽ വിശ്വാസ പരിശീലനം നൽകാനും ശ്രദ്ധിക്കണമെന്നു സ്നേഹപൂർവം ഓർമിപ്പിക്കട്ടെ.

ക്രൈസ്തവവിശ്വാസമനുസരിച്ചുള്ള ജീവിതത്തിനും പ്രവർത്തനങ്ങൾക്കും ഇന്നു സമൂഹത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെക്കുറിച്ചുകൂടി ഏതാനും ചിന്തകൾ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. ക്രൈസ്തവരും സഭാസമൂഹങ്ങളും സഭാസ്ഥാപനങ്ങളും വിവിധ മേഖലകളിൽ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോ. 16:15) എന്ന ദൈവകല്പിതമായ ദൗത്യം നിർവഹിക്കാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടിരിക്കുന്നു. സുവിശേഷപ്രഘോഷണമില്ലെങ്കിൽ സഭയില്ല എന്ന സത്യം നമ്മൾ മനസിലാക്കണം. പ്രഘോഷിക്കപ്പെടുന്ന സുവിശേഷത്താൽ ആകർഷിക്കപ്പെട്ടു ക്രൈസ്തവവിശ്വാസം സ്വീകരിക്കാൻ ഒരു വ്യക്തി ആഗ്രഹിച്ചാൽ അതിനെ തടയാൻ ആർക്കും സാധിക്കുകയില്ല. കാരണം അത് കേവലം മാനുഷികമായ ഒരു തീരുമാനം മാത്രമല്ല ദൈവിക പദ്ധതികൂടിയാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ വായിക്കുന്നതുപോലെ 'എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്കു വരാൻ സാധിക്കുകയില്ല' (6:44). പീഡനങ്ങൾക്കോ ഭീഷണികൾക്കോ ഒരു യഥാർത്ഥ വിശ്വാസിയെ തന്റെ ബോധ്യത്തിൽനിന്നു പിന്തിരിപ്പിക്കാൻ സാധിക്കുകയില്ലെന്നു രക്തസാക്ഷികളുടെ ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു. സുവിശേഷത്തിനു വേണ്ടി നിരവധി പീഡനങ്ങൾ ഏറ്റുവാങ്ങിയ വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ സത്യമാണ് പ്രഘോഷിക്കുന്നത്: 'എന്തെന്നാൽ മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ, ശക്തികൾക്കോ, ഉയരത്തിനോ, ആഴത്തിനോ, മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്നു എനിക്കു ഉറപ്പുണ്ട്' (റോമ 8:38-39). ഐസിസ് തീവ്രവാദികൾ ലിബിയൻ കടൽത്തീരത്തു വച്ചു കഴുത്തറുത്തുകൊന്ന 21 എത്യോപ്യൻ രക്തസാക്ഷികളും ഇതേ തീവ്രവാദികളുടെ പീഡനങ്ങൾക്കിടയിലും ഈശോയിലുള്ള വിശ്വാസം തള്ളിപ്പറയാതെ മരണംവരിച്ച ഇറാക്കിലെയും സിറിയയിലെയും നൂറുകണക്കിനു വിശ്വാസികളും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും മണിപ്പൂരിലും ആക്രമിക്കപ്പെടു

കയും കൊല്ലപ്പെടുകയുംചെയ്ത ക്രൈസ്തവ സഹോദരങ്ങളും ഈ ലോകത്തിലുള്ള ഒരു ശക്തിക്കും ഒരു ഭീഷണിക്കും ഒരു യഥാർത്ഥ വിശ്വാസിയെ പിന്തിരിപ്പിക്കാൻ സാധിക്കുകയല്ലെന്നു ഈ കാലഘട്ടത്തിൽ നമ്മെ ബോധ്യപ്പെടുത്തുന്നു.

സംഘടിതമായ എതിർപ്പുകളുടെയും ന്യായീകരിക്കാനാകാത്ത പ്രകോപനങ്ങളുടെയും തിരഞ്ഞുപിടിച്ചുള്ള ആക്രമണങ്ങളുടെയും പശ്ചാത്തലത്തിലും പൊതുസമൂഹത്തിന്റെ നന്മയും അഭിവൃദ്ധിയും ലക്ഷ്യമാക്കിയുള്ള സഭയുടെ പ്രവർത്തനങ്ങൾ തുടരുന്നതിൽ നമുക്കു മടുപ്പും മനക്ലേശവും ഉണ്ടാകരുത്. ഇത്തരം സാഹചര്യങ്ങളിൽ നഷ്ടധൈര്യരാകാതെ വിശ്വാസം കാത്തുസൂക്ഷിക്കാനും കാരുണ്യത്തോടും സ്നേഹത്തോടുംകൂടെ ക്രൈസ്തവജീവിതം നയിക്കാനും അനുദിന ജീവിതസാഹചര്യങ്ങളിൽ അതു സാക്ഷ്യപ്പെടുത്താനും നമുക്കു സാധിക്കണം. നമ്മെ പീഡിപ്പിക്കുന്നവരോടു കാരുണ്യപൂർവം വർത്തിക്കാൻ നമ്മുടെ വിശ്വാസം നമ്മെ നിർബന്ധിക്കുന്നു. അതേസമയം, നമ്മുടെ സ്ഥാപനങ്ങളും സംഘടനകളും വിവിധ സേവനമേഖലകളും ഇനിയും കാര്യക്ഷമമാക്കുകയും കുറവുകളും പോരായ്മകളും പരിഹരിച്ചു കൂടുതൽ ഫലപ്രദമാക്കുകയും എല്ലാ പ്രവർത്തനമേഖലകളിലും ആവശ്യമായ ജാഗ്രത പുലർത്തുകയും ചെയ്യേണ്ടതു കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

തന്റെ ജീവിതത്തിലൂടെയും പ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും നമുക്കു മാതൃകയും പ്രചോദനവുമായ മാർതോമാശ്ലീഹായെ പിൻതുടർന്നു നമ്മുടെ വിശ്വാസജീവിതം ധീരതയോടെ നയിക്കാം. 'ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു' (യോഹ. 16:33) എന്ന ഈശോയുടെ വാക്കുകൾ എല്ലാ പ്രതിസന്ധികളിലും നമുക്ക് ഊർജവും ഉണർവും ഉത്തേജനവും നല്കട്ടെ. ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപിതാവിന്റെയും മാർ തോമാ ശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023-ാം ആണ്ട് ജൂൺ മാസം 25-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

Prot. No. 34/23
24.06.2023

## സർക്കുലർ

# മണിപ്പൂരിനായ് പ്രാർത്ഥനയോടെ സ്നേഹജ്വാലകൾ ഉയർത്താം

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, അത്മായ സഹോദരരേ,

2023 മെയ് മാസം 3-ാം തിയ്യതി മുതൽ ഇന്ത്യയിലെ വടക്ക് കിഴക്കൻ സംസ്ഥാനമായ മണിപ്പൂരിലെ ജനതയുടെ കണ്ണുനീർ തോർന്നിട്ടില്ല. വർഗ്ഗീയ കലാപത്തിന്റെ ഇരയായി അമ്പതിനായിരത്തിൽ അധികം പേർ അയൽ സംസ്ഥാനങ്ങളിലേക്ക് പലായനം ചെയ്തു കഴിഞ്ഞു. ആ പ്രദേശങ്ങളിലെ സംഘർഷങ്ങൾക്ക് ഇനിയും അയവ് വന്നിട്ടില്ല. തീവെപ്പും, കൊള്ളയും നിർബാധം തുടരുകയാണ്. നൂറിലധികം പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. നാനൂറിലധികം ക്രൈസ്തവ ദൈവാലയങ്ങളും സ്ഥാപനങ്ങളും അഗ്നിക്കിരയാക്കപ്പെട്ടു. ആയിരക്കണക്കിന് ക്രൈസ്തവ സഹോദരങ്ങളാണ് ഈ വർഗ്ഗീയ കലാപത്തിന്റെ ദുരിതം അനുഭവിക്കുന്നത്.

ഈ സംഭവങ്ങളെയെല്ലാം ഭാരതകത്തോലിക്കസഭ ഏറെ ഉത്കണ്ഠയോടെയാണ് വീക്ഷിക്കുന്നത്. മണിപ്പൂരിൽ ശാശ്വതമായ സമാധാനം ഉണ്ടാകുവാൻ ഭാരതകത്തോലിക്കസഭ (CBCI) യുടെ ആഹ്വാനമനുസരിച്ച് 2023 ജൂലൈ 2-ാം തിയ്യതി 'സമാധാന ഞായർ' (Peace Sunday) ആയി ആചരിക്കുകയാണ്. അന്നേദിനത്തിൽ മണിപ്പൂരിലെ ദുരിതമനുഭവിക്കുന്ന സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രകടമാക്കാൻ ഉതകുന്ന കർമ്മപരിപാടികൾക്ക് നമ്മുടെ രൂപതയിൽ നാം രൂപം കൊടുത്തിട്ടുണ്ട്.

ഇതിനോടനുബന്ധിച്ച് 2023 ജൂലൈ 1-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5.30 മുതൽ നമ്മുടെ രൂപതാതിർത്തിയായ കുറുമാലിപുഴ മുതൽ ചാലക്കുടി പുഴ വരെയുള്ള ദേശീയപാതയയുടെ ഓരം ചേർന്ന് സാഹോദര്യത്തിന്റെ ഒരു 'സ്നേഹചങ്ങല' തീർക്കുകയാണ്. ദേശീയപാതയോരത്ത് നമുക്ക് ഒരുമിക്കാം. കത്തിച്ചുപിടിച്ച മെഴുകുതിരികളുമായി നാം ദേശീയപാതയ്ക്കരികിൽ സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും സ്നേഹജ്വാലകൾ തീർക്കും. ആയതിലേക്ക് നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലെയും ബഹു. വികാരിയച്ചന്മാരെയും കൈക്കാരന്മാരെയും, മുഴുവൻ ഇടവക ജനങ്ങളെയും, സന്യാസിനി-സന്യാസികളെയും സ്നേഹപൂർവ്വം ക്ഷണിക്കുകയാണ്. ഇതുവരെയും മൗനം പാലിച്ചിരുന്ന കേന്ദ്ര-സംസ്ഥാന ഭരണാധികാരികളുടെ കണ്ണുകൾ തുറക്കാൻ, സാഹോദര്യത്തിന്റെ ഈ ഒത്തുചേരൽ കാരണമാകണം. എല്ലാ വികാരിയച്ചന്മാരും, കൈക്കാരന്മാരും, കുടുംബ

കൂട്ടായ്മ ഭാരവാഹികളും സന്യാസ സമൂഹങ്ങളിലെ സുപ്പീരിയർമാരും ഇതിന് നേതൃത്വം നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മേൽ പ്രസ്താവിച്ച രൂപതാതലത്തിലുള്ള പരിപാടിക്ക് പുറമേ 2023 ജൂലൈ 02-ാം തിയ്യതിയോ അതിനടുത്ത ദിവസങ്ങളിലോ ഇടവക തലത്തിൽ മണിപ്പൂരിലെ ദുരിതമനുഭവിക്കുന്ന സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രകടമാക്കാൻ ഉതകുന്ന കർമ്മപരിപാടികൾ തയ്യാറാക്കണം. ഇതിനുതകുന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വിശുദ്ധ കുർബാന മദ്ധ്യേ കാറോസൂസ പ്രാർത്ഥനയിൽ മണിപ്പൂരിനുവേണ്ടി പ്രത്യേകം പ്രാർത്ഥന ചൊല്ലേണ്ടതാണ്.
2. നമ്മുടെ രൂപതയിലെ എല്ലാ ഇടവക പള്ളികളിലും ജൂലൈ 07, മാസാദ്യ വെള്ളിയാഴ്ച മണിപ്പൂരിലെ ദുരിതമനുഭവിക്കുന്ന ജനതയെ സമർപ്പിച്ചുകൊണ്ട് ദിവ്യകാരുണ്യ ആരാധന നടത്തേണ്ടതാണ്.
3. ഇടവക ജനങ്ങളെയും, പ്രത്യേകിച്ച് മതബോധന വിദ്യാർത്ഥികളെയും സംഘടിപ്പിച്ചുകൊണ്ട് 'സമാധാനറാലി' സംഘടിപ്പിക്കേണ്ടതാണ്. സായാഹ്നത്തിൽ നടത്തുകയാണെങ്കിൽ കത്തിച്ച മെഴുകുതിരികളേന്തികൊണ്ട് റാലി നടത്താവുന്നതാണ്.
4. കക്ഷിരാഷ്ട്രീയ മതഭേദമെന്യേ രാജ്യത്ത് സമാധാനം ആഗ്രഹിക്കുന്ന വ്യക്തികളും സംഘടനകളുമായി യോജിച്ച് ഇടവകകൾ തോറും മീറ്റിങ്ങുകൾ സംഘടിപ്പിക്കാവുന്നതാണ്.
5. നമ്മുടെ രൂപതയിലെ എല്ലാ കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും, മതബോധന യൂണിറ്റുകളിലും സമാധാനത്തിനായുള്ള പ്രതിജ്ഞ എടുക്കേണ്ടതാണ്.

ജൂലൈ 1-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 05.30 നുള്ള ഐക്യദാർഢ്യത്തിന്റെ 'സ്നേഹചങ്ങല'യിലേക്ക് ഏവരെയും ഒരിക്കൽകൂടി സ്വാഗതം ചെയ്യുന്നു. സഹനത്തിന്റെ പാതയിലൂടെ നടന്നുനീങ്ങുന്ന മണിപ്പൂർ ജനതയോടുള്ള നമ്മുടെ ഐക്യദാർഢ്യം പ്രകടിപ്പിക്കുവാൻ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഈ പ്രവൃത്തി കാരണമാകട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

+ Pauly Kannookadan

ഇരിങ്ങാലക്കുട
24.06.2023

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

---

**NB:** ഈ സർക്കുലർ 2023 ജൂൺ 25-ാം തിയ്യതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ നമ്മുടെ രൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.




1. **Appointments & Relievements**

**Rev. Fr. Jis Antony Alappatt OFM Cap.:** Relieved Asst. Vicar, St. Francis Assisi Church, Elinjipra - Bethlehem, w.e.f. 30/05/2023.

**Rev. Fr. Sebi Palamattath CMI:** Relieved Chaplain, Thiruhrudayaram FC Convent & Clarian FC Convent and Santhinivas CMC Convent, Chalakudy, w.e.f. 01/06/2023.

**Rev. Fr. Anoop Pudussery CMI:** Appointed Chaplain, Thiruhrudayaram FC Convent & Clarian FC Convent and Santhinivas CMC Convent, Chalakudy, w.e.f. 01/06/2023.

**Rev. Fr. Jerin Thottian CMI:** Relieved Asst. Vicar, St. Theresa of Avila Quasi Parish Church, Kottackal, w.e.f. 01/06/2023.

**Rev. Fr. Remi Vadakkan CMI:** Appointed Asst. Vicar, St. Theresa of Avila Quasi Parish Church, Kottackal, w.e.f. 01/06/2023.

**Rev. Dn. Donal Pulikkottil CMI:** Appointed for Diaconal Ministry at St. Xavier's Church, Pullur, w.e.f. 15/06/2023 to 15/10/2023.

**Rev. Dn. Justin Ukken CMI:** Appointed for Diaconal Ministry at St. Sebastian's Forane Church, Kuttikad, w.e.f. 15/06/2023 to 15/10/2023.

**Rev. Dn. Akhil Nellissery CMI :** Appointed for Diaconal Ministry at St. Mary's Church, Thazhoor. w.e.f. 15/06/2023 to 15/10/2023.

**Rev. Fr. Davis Kachappilly CMI:** Relieved Chaplain, Santhom FC Convent & Mar Thoma FC Convent, Azhikode, w.e.f. 01/06/2023.

**Rev. Fr. Sunny Punneliparambil CMI:** Appointed Chaplain, Santhom FC Convent & Mar Thoma FC Convent, Azhikode, w.e.f. 01/06/2023.

2. **മണിപ്പൂരിനായ് "സ്നേഹജ്വാല" – ജൂലൈ 01, ശനി:** വർഗ്ഗീയ കലാപത്തിൽ ദുരിതമനുഭവിക്കുന്ന മണിപ്പൂരിലെ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് 2023 ജൂലൈ 01–ാം തിയ്യതി വൈകീട്ട് 5.30ന് നമ്മുടെ രൂപതാതിർത്തിയായ കുറുമാലിപുഴ മുതൽ ചാലക്കുടി പുഴ വരെ നീളുന്ന ദേശീയപാതയുടെ ഓരം ചേർന്ന് ഒരു "സ്നേഹചങ്ങല" തീർക്കുന്നു. സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും ചങ്ങലകണ്ണികളാകാൻ നമ്മുടെ രൂപതയിലെ എല്ലാ വൈദികരെയും, സമർപ്പിതരെയും, ഇടവകജനങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ബഹു. വികാരിയച്ചന്മാരും സന്യാസ ഭവനങ്ങളുടെ സുപ്പീരിയർമാരും തങ്ങൾക്ക് ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ശുശ്രൂഷ മേഖലകളിലെ അജഗണങ്ങളെ അറിയിച്ച് പരമാവധി പേരെ പങ്കെടുപ്പിക്കേണ്ടതാണ്. ഈ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഭിവന്ദ്യപിതാവിന്റെ സർക്കുലറിൽ പറഞ്ഞിരിക്കുന്ന കർമ്മപരിപാടികൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും നടപ്പിലാക്കേണ്ടതാണ്.

3. **മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ (സീറോമലബാർ സഭാദിനം) – ജൂലൈ 3, തിങ്കൾ:** ഭാരതഭൂവിൽ ക്രിസ്തീയ വിശ്വാസ ദീപം തെളിയിച്ച മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വ അനുസ്മരണദിനമാണിന്ന്. വിശ്വാസികൾ എല്ലാവരും വി. കുർബാനയിൽ പങ്കെടുക്കുവാൻ കടപ്പെട്ട ദിവസമാണ്.
   ഇതിനകം തെരട്ട് പാസാക്കി രൂപതയിൽനിന്ന് അനുവാദ പത്രിക ലഭിച്ച പള്ളികളിലെ കൈക്കാരന്മാർ അന്നേദിനത്തിലും, തെരട്ട് പാസാക്കി കിട്ടുന്ന മുറയ്ക്ക് മറ്റു പള്ളികളിലേയും പുതിയ കൈക്കാരന്മാർ ചുമതലയേൽക്കേണ്ടതുമാണ്. 2023 ആഗസ്റ്റ് 15 ചൊവ്വാഴ്ചയ്ക്കു മുൻപ് മേൽപറഞ്ഞ കാര്യങ്ങൾ പൂർത്തിയാക്കിയിരിക്കണം.

4. **വൈദികരുടെ മാസധ്യാനവും പ്രസ്ബിത്തേരിയവും – ജൂലൈ 6, വ്യാഴം:** ജൂലൈ മാസത്തെ വൈദികരുടെ മാസധ്യാനവും പ്രസ്ബിത്തേരിയവും ജൂലൈ 06 വ്യാഴാഴ്ച രാവിലെ 10 മണിക്ക് രൂപതാഭവനത്തിൽവച്ച് നടത്തപ്പെടുന്നു. എല്ലാ ബഹു. അച്ചന്മാരും കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ.

5. **പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങ് – ജൂലൈ 08, ശനി:** 16–ാം പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാം സമ്മേളനം 2023 ജൂലൈ 08 ശനിയാഴ്ച രാവിലെ 09.30 മുതൽ ഉച്ചകഴിഞ്ഞ് 03.30 വരെ രൂപതാഭവനത്തിൽവച്ച് നടത്തപ്പെടുന്നു. എല്ലാ അംഗങ്ങളും കൃത്യസമയത്ത് തന്നെ എത്തിച്ചേരുവാൻ താൽപ്പര്യപ്പെടുന്നു.

6. **അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ ഏഴാം ചരമ വാർഷികം - ജൂലൈ 10, തിങ്കൾ:** അന്ന് വൈകീട്ട് 05 മണിക്ക് ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രൽ പള്ളിയിൽവച്ച് വി. കുർബാനയോടും, ഒപ്പീസോടും കൂടി അനുസ്മരണ ചടങ്ങുകൾ നടത്തപ്പെടുന്നു. രൂപതയിലെ വൈദികർ, മേജർ സുപ്പീരിയർമാർ, കൗൺസിലേഴ്സ്, സന്യാസഭവനങ്ങളിലെ സുപ്പീരിയേഴ്സ്, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, ഇടവക കേന്ദ്രസമിതി പ്രസിഡന്റുമാർ, രൂപത ഏകോപന സമിതി അംഗങ്ങൾ, ബ്രദേഴ്സ്, പഴയാറ്റിൽ കുടുംബാംഗങ്ങൾ എന്നിവരെ ഈ ശുശ്രൂഷാകർമ്മങ്ങളിലേക്ക് ഹൃദ്യമായി ക്ഷണിക്കുന്നു. ഈ അനുസ്മരണദിനത്തിൽ എല്ലാ ഇടവകകളിലും അഭിവന്ദ്യ പിതാവിന്റെ അനുസ്മരണാർത്ഥം ദൈവജനത്തെ മുൻകൂട്ടി അറിയിച്ച് ദിവ്യബലിയും ഒപ്പീസും നടത്തേണ്ടതാണ്.

   അന്നേദിനം ഉച്ചകഴിഞ്ഞ് 02.00 മണിയ്ക്ക് കിടപ്പുരോഗികളിൽ കൂടുതൽ പരിചരണം ആവശ്യം വരുന്നവർക്കായി പേരാമ്പ്രയിൽ പുതിതായി പണിതീർത്ത 'മാർ ജെയിംസ് പഴയാറ്റിൽ മെമ്മോറിയൽ ഹൃദയ ഹോസ്പിസി'ന്റെ ആശീർവ്വാദം അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് നിർവ്വഹിക്കുന്നതായിരിക്കും.

7. **ദൈവാലയ ശുശ്രൂഷികളുടെ കുടുംബകൂട്ടായ്മ - ജൂലൈ 17, തിങ്കൾ:** ദൈവാലയ ശുശ്രൂഷികളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ജോൺബർക്കുമെൻസിന്റെ തിരുനാളും, കുടുംബകൂട്ടായ്മയും 2023 ജൂലൈ 17-ാം തിയ്യതി തിങ്കളാഴ്ച ആളൂർ ബി.എൽ.എം. ധ്യാന കേന്ദ്രത്തിൽവച്ച് നടത്തപ്പെടുന്നു. ഈ കൂട്ടായ്മയിലേക്ക് എല്ലാ ദൈവാലയശുശ്രൂഷികളെയും അവരുടെ കുടുംബാംഗങ്ങളെയും പറഞ്ഞുവിടുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

8. **വൈദികരുടെ വാർഷികധ്യാനം:** ബഹു. അച്ചന്മാരുടെ വാർഷിക ധ്യാനം രണ്ടു ബാച്ചുകളിലായി കല്ലേറ്റുംകര 'പാക്സിൽ'വച്ച് നടത്തപ്പെടുന്നു. ആദ്യ ബാച്ചിന്റെ ധ്യാനം 2023 ജൂലൈ 24 തിങ്കൾ മുതൽ 28 വെള്ളി വരെയും, രണ്ടാം ബാച്ചിന്റെ ധ്യാനം ആഗസ്റ്റ് 07 തിങ്കൾ മുതൽ 11 വെള്ളി വരെയും ആയിരിക്കും. ധ്യാനത്തിൽ പങ്കെടുക്കേണ്ടവരുടെ ബാച്ചുകൾ ഏതാണെന്ന് 2023 ഏപ്രിൽ മാസത്തെ രൂപത ബുള്ളറ്റിനിൽ (പേജ് 41-44) പ്രസിദ്ധീകരിച്ചിട്ടുണ്ട്. രണ്ടു ബാച്ചിന്റെയും ധ്യാനം നയിക്കുന്നത് റൈറ്റ് റവ. ഡോ. വർഗ്ഗീസ് ചക്കാലക്കൽ (കോഴിക്കോട് രൂപതാദ്ധ്യക്ഷൻ). ധ്യാനത്തിൽ പങ്കെടുക്കുന്ന അച്ചന്മാർ ധ്യാനം ആരംഭിക്കുന്ന ദിനത്തിൽ രാവിലെ 9 മണിക്ക് കല്ലേറ്റുംകര പാക്സിൽ എത്തിച്ചേരേണ്ടതാണ്.

തക്കകാരണത്താൽ ബാച്ച് മാറാൻ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ വിവരം ഉടനെ അഭിവന്ദ്യ പിതാവിനെ അറിയിക്കേണ്ടതാണ്. ബഹു. അച്ചൻമാർ ധ്യാനത്തിന് വരുമ്പോൾ കുർബാനകണക്ക്, കുമ്പസാരപത്തോന്തി തുടങ്ങിയവ കൊണ്ടുവരണം. ധ്യാനത്തിൽ ആദ്യന്തം പങ്കുകൊള്ളേണ്ടതാണ്. ഇടവകയിലെ കാര്യങ്ങൾ മുടക്കം കൂടാതെ നിർവ്വഹിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുമല്ലോ.

9. **കൈക്കാരന്മാരുടെ സമ്മേളനം – ആഗസ്റ്റ് 19, ശനി:** നമ്മുടെ രൂപതയിലെ ഇടവകകളിൽ 2023–2024 വർഷത്തെ കൈക്കാരന്മാരായി സേവനം അനുഷ്ഠിക്കുന്നവരുടെ ഒരു യോഗം ആഗസ്റ്റ് 19 ശനിയാഴ്ച രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 3.00 വരെ രൂപതാഭവനത്തിൽവച്ച് നടത്തപ്പെടുന്നു. എല്ലാ കൈക്കാരന്മാരും ഈ യോഗത്തിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

| | |
|---|---|
| രൂപതാ കാര്യാലയം | **മോൺ. ജോസ് മഞ്ഞളി** |
| 20.06.2023 | വികാരി ജനറാൾ |

## പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങ്

**2023 ജൂലൈ 08 ശനിയാഴ്ച**

**രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ**

പ്രിയ ബഹു. അച്ചാ/സിസ്റ്റർ/സുഹത്തേ,

16–ാം പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാം സമ്മേളനം 2023 ജൂലൈ 08 ശനിയാഴ്ച രാവിലെ 09.30 മുതൽ ഉച്ചകഴിഞ്ഞ് 03.30 വരെ രൂപതാഭവനത്തിൽവച്ച് നടത്തപ്പെടുന്നു. "വിശ്വാസരൂപീകരണം, പ്രേഷിത ചൈതന്യം എന്നിവയോടൊപ്പം സാമുദായ ശാക്തീകരണം ഇന്നിന്റെ ആവശ്യം" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഡോ. ടോം ഓലിക്കരോട്ട് (പ്രൊഫസർ, കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി & എക്സി. ഡയറക്ടർ, ആൽഫ ഇൻസ്റ്റിറ്റ്യൂട്ട്, തലശ്ശേരി) ക്ലാസ്സ് നയിക്കുന്നു. തുടർന്ന് ചോദ്യോത്തരവേളയും ചർച്ചകളും, മറ്റ് പതിവ് പ്രോഗ്രാമുകളും. എല്ലാ പരിപാടികളിലും പങ്കുചേർന്ന് വിജയിപ്പിക്കണമെന്ന് സ്നേപൂർവ്വം താൽപ്പര്യപ്പെടുന്നു.

| | |
|---|---|
| **മോൺ. ജോസ് മഞ്ഞളി** | **ഫാ. ഡോ. ലാസർ കുറ്റിക്കാടൻ** |
| വൈസ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |
| **ശ്രീ. ഡേവിസ് ഊക്കൻ** | **ശ്രീമതി ആനി ആന്റു** |
| സെക്രട്ടറി | സെക്രട്ടറി |

**ഇരിങ്ങാലക്കുട രൂപത**

## വൈദികരുടെ മാസധ്യാനവും വൈദികസമ്മേളനവും

**2023 ജൂലൈ 06, വ്യാഴാഴ്ച**

**രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ**

എത്രയും സ്നേഹം നിറഞ്ഞ അച്ചാ,

നമ്മുടെ രൂപതയിലെ അച്ചന്മാരുടെ 2023 വർഷത്തെ വാർഷിക ധ്യാനം കല്ലേറ്റുംകര പാക്സിൽവച്ച് ജൂലൈ 24 മുതൽ 28 വരെ ആദ്യ ബാച്ചും ആഗസ്റ്റ് 07 മുതൽ 11 വരെ രണ്ടാമത്തെ ബാച്ചും നടത്തപ്പെടുന്ന വിവരം അറിയാമല്ലോ. വാർഷികധ്യാന തിയ്യതികൾ പുനഃക്രമീകരിച്ച ഈ സാഹചര്യത്തിൽ ജൂലൈ മാസത്തിലെ **വൈദികരുടെ മാസധ്യാനം ജൂലൈ 06-ാം തിയ്യതി വ്യാഴാഴ്ച കാലത്ത് 10 മണിക്ക് രൂപത ഭവനത്തിൽ വച്ച്** നടത്തപ്പെടുന്ന വിവരം അറിയിക്കുന്നു. വൈദികരുടെ മാസധ്യാനത്തിലേക്കും അന്നേദിനത്തിലെ പ്രസ്ബിത്തേരിയത്തിലേക്കും ബഹുമാനപ്പെട്ട അച്ചനെ ഏറ്റവും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## PROGRAMME

| | | |
|---|---|---|
| 09.30 am | : | Arrival & Tea |
| 10.00 am | : | Rosary |
| 10.30 am | : | Reflections |
| 11.30 am | : | Adoration & Confession |
| 12.30 am | : | Lunch |
| 01.15 pm | : | Presbyterium |
| 02.30 pm | : | Tea & Departure |

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ



## അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ 7–ാം ചരമവാർഷികാനുസ്മരണം

**2023 ജൂലൈ 10 തിങ്കൾ, വൈകീട്ട് 5ന്**

**സെന്റ് തോമസ് കത്തീഡ്രൽ, ഇരിങ്ങാലക്കുട**

സ്നേഹ ബഹു അച്ചാ/സിസ്റ്റർ/സുഹൃത്തേ,

ഇരിങ്ങാലക്കുട രൂപതാഭവനത്തിൽനിന്നും പ്രാർത്ഥനാശംസകൾ!

നമ്മുടെ രൂപതയുടെ പ്രഥമ രൂപതാദ്ധ്യക്ഷനായി 32 വർഷത്തെ മേൽപട്ട ശുശ്രൂഷയിലൂടെ രൂപതയെ വളർത്തിയ ഭാഗ്യസ്മരണർഹനായ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ ഏഴാം ചരമവാർഷിക ദിനമായ 2023 ജൂലൈ 10 തിങ്കളാഴ്ച ഇരിങ്ങാലക്കുട സെന്റ് തോമസ് കത്തീഡ്രലിൽ വൈകീട്ട് 5 മണിക്ക് വി. കുർബാനയോടും, തുടർന്ന് അഭിവന്ദ്യ പിതാവിന്റെ കല്ലറയിലുള്ള ഒപ്പീസിനോടും കൂടെ ആചരിക്കുന്നു.

രൂപതയിലെ വൈദികർ, മേജർ സുപ്പീരിയേഴ്സ് & കൗൺസിലേഴ്സ്, സന്യാസഭവനങ്ങളിലെ സുപ്പീരിയേഴ്സ്, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, നടത്തുകൈക്കാരന്മാർ, ഇടവക കേന്ദ്ര സമിതി പ്രസിഡന്റുമാർ, രൂപത ഏകോപനസമിതി അംഗങ്ങൾ, ബ്രദേഴ്സ്, പഴയാറ്റിൽ കുടുംബാംഗങ്ങൾ എന്നിവരെ അനുസ്മരണ ബലിയിലേക്കും മറ്റ് ശുശ്രൂഷകളിലേക്കും ഏറെ ഹൃദ്യമായി ക്ഷണിക്കുന്നു. താങ്കളുടെ മഹനീയ സാന്നിധ്യംകൊണ്ട് അനുഗ്രഹിക്കണേ.

അന്നേദിനം ഉച്ചകഴിഞ്ഞ് 02.00 മണിയ്ക്ക് കിടപ്പുരോഗികളിൽ കൂടുതൽ പരിചരണം ആവശ്യം വരുന്നവർക്കായി പേരാമ്പ്രയിൽ പണിതീർത്തിരിക്കുന്ന 'മാർ ജെയിംസ് പഴയാറ്റിൽ മെമ്മോറിയൽ ഹൃദയ ഹോസ്പിസി'ന്റെ ആശീർവ്വാദം അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് നിർവ്വഹിക്കുന്നതായിരിക്കും.

മിശിഹായിൽ സ്നേഹപൂർവ്വം,

\+ Pauly Kannookadan

ഇരിങ്ങാലക്കുട
22.06.2023

**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

## മാർ ജെയിംസ് പഴയാറ്റിൽ അനുസ്മരണവും ഹൃദയ പാലിയേറ്റീവ് കെയർ പ്രവർത്തന വാർഷികവും ഹൃദയ ഹോസ്പിസ് ആശീർവാദവും

**2023 ജൂലൈ 10, തിങ്കൾ ഉച്ചകഴിഞ്ഞ് 2.00 മുതൽ**

പ്രിയമുള്ളവരേ,

നമ്മുടെ വത്സല ജെയിംസ് പഴയാറ്റിൽ പിതാവ് വിട പറഞ്ഞിട്ട് 7 വർഷം തികയുകയാണല്ലോ. പിതാവിന്റെ ഓർമ്മക്ക് വേണ്ടി സ്ഥാപിതമായ ഹൃദയ പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനം 6 വർഷങ്ങൾ പിന്നിടുകയാണ്. 4500 കിടപ്പ് രോഗികൾക്ക് വീടുകളിൽ ചെന്ന് ഉപകരണങ്ങൾ നൽകി സൗജന്യ ശുശ്രൂഷ ചെയ്യുന്ന നാം പുതിയൊരു ചുവട് വയ്ക്കുകയാണ്. കിടപ്പ് രോഗികളിൽ കൂടുതൽ പരിചരണം ആവശ്യമായി വരുന്നവർക്ക് പേരാമ്പ്രയിൽ പണിയുന്ന 'മാർ ജെയിംസ് പഴയാറ്റിൽ മെമ്മോറിയൽ - ഹൃദയ ഹോസ്പിസി'ന്റെ ആശീർവാദം പിതാവിന്റെ ഓർമ്മദിനമായ **2023 ജൂലൈ 10 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 2.00ന് അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ്** നിർവ്വഹിക്കുന്നു. ഈ പരിപാടികളിൽ പങ്കുചേരുവാൻ എല്ലാവരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**മോൺ. ജോസ് മാളിയേക്കൽ**
പ്രസിഡന്റ്, ഹൃദയ പാലിയേറ്റീവ് കെയർ

**ഫാ. തോമസ് കണ്ണമ്പിള്ളി**
ഡയറക്ടർ, ഹൃദയ പാലിയേറ്റീവ് കെയർ

**ഫാ. ഷാജു ചിറയത്ത്**
ഡയറക്ടർ ഹൃദയ മെഡിക്കൽസ്

**ഫാ. റിന്റോ തെക്കിനിയത്ത്,**
**ഫാ. ഡിബിൻ അയിനിക്കൽ**
അസി.ഡയറക്ടേഴ്സ്

### പ്രോഗ്രാം

02.00 p.m : ഹൃദയ ഹോസ്പിസിന്റെ ആശീർവാദം
(പേരാമ്പ്ര, പുത്തുക്കാവ് അമ്പലത്തിന് എതിർവശം)

03.00 p.m : മാർ ജെയിംസ് പഴയാറ്റിൽ അനുസ്മരണം, ഹൃദയ പാലിയേറ്റീവ് വാർഷികം (ഇരിങ്ങാലക്കുട ബിഷപ്പ് ഹൗസ്).

04.00 p.m : സ്നേഹവിരുന്ന്

05.00 p.m : മാർ ജെയിംസ് പഴയാറ്റിൽ അനുസ്മരണ
വിശുദ്ധ കുർബാനയും ഒപ്പീസും (കത്തീഡ്രൽ പള്ളിയിൽ)



### ഇരിങ്ങാലക്കുട രൂപത
# സാക്രിസ്റ്റ്യൻ ഫെല്ലോഷിപ്പ്
## വി. ജോൺബർക്ക്മെൻസിന്റെ തിരുനാളും ദൈവാലയ ശുശ്രൂഷികളുടെ കുടുംബ കൂട്ടായ്മയും

**2023 ജൂലൈ 17-ാം തിയ്യതി തിങ്കളാഴ്ച**

ദൈവാലയ ശുശ്രൂഷികളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി.ജോൺബർക്ക് മെൻസിന്റെ തിരുനാളും, ഇരിങ്ങാലക്കുട രൂപതയിലെ ദൈവാലയശുശ്രൂഷികളുടെ കുടുംബ കൂട്ടായ്മയും 2023 ജൂലൈ 17-ാം തിയ്യതി തിങ്കളാഴ്ച ആളൂർ ബി.എൽ.എം. ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു.

## കാര്യപരിപാടികൾ

| | | |
|---|---|---|
| രാവിലെ 9.00ന് | : | എത്തിച്ചേരൽ |
| 9.15ന് | : | രജിസ്ട്രേഷൻ |
| 9.45 ന് | : | അഭിവന്ദ്യ പിതാവിന് സ്വീകരണം, തുടർന്ന് പതാക ഉയർത്തൽ |
| 10.00ന് | : | ദിവ്യബലി, **മാർ പോളി കണ്ണൂക്കാടൻ** (ഇരിങ്ങാലക്കുട രൂപത മെത്രാൻ) |

## പൊതുസമ്മേളനം രാവിലെ 11.15ന്

| | | |
|---|---|---|
| പ്രാർത്ഥന | | |
| സ്വാഗതം | : | **റവ. ഫാ. ബെന്നി ചെറുവത്തൂർ** (രൂപത ഡയറക്ടർ) |
| റിപ്പോർട്ട് | : | **സിന്റോ എലുവത്തിങ്കൽ** (രൂപത സെക്രട്ടറി) |
| കണക്കവതരണം | : | **ജോഷി ചിറയത്ത്** (രൂപത ട്രഷറർ) |
| അദ്ധ്യക്ഷ പ്രസംഗം | : | **മാർ പോളി കണ്ണൂക്കാടൻ** (ഇരിങ്ങാലക്കുട രൂപത മെത്രാൻ) |
| അനുഗ്രഹപ്രഭാഷണം | : | **മോൺ. ജോസ് മഞ്ഞളി** (വികാരി ജനറാൾ) |
| നന്ദി | : | **പോളി പള്ളത്താട്ടിൽ** (രൂപത പ്രസിഡന്റ്) |

## തുടർന്ന് സ്നേഹവിരുന്ന്, കലാപരിപാടികൾ

NB: ആർക്കെങ്കിലും പങ്കെടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ വിവരം നേരത്തെകൂട്ടി അഭിവന്ദ്യ പിതാവിനെ അറിയിക്കേണ്ടതാണ്.

2023 വർഷം SSLC, Plus Two പരീക്ഷകളിൽ ഫുൾ എ പ്ലസ്, രൂപതാതലത്തിൽ മതബോധനം, ലോഗോസ് ക്വിസ് എന്നിവയിൽ റാങ്ക് നേടിയ ദേവാലയ ശുശ്രൂഷികളുടെ മക്കളുടെ പേരുകൾ ഭാരവാഹികളെ ജൂലൈ 06ന് മുമ്പായി അറിയിക്കേണ്ടതാണ്.

**ഫാ. ബെന്നി ചെറുവത്തൂർ**
ഡയറക്ടർ

| | | |
|---|---|---|
| **സിന്റോ എലുവത്തിങ്കൽ** | **ബിയോ കോമ്പാറക്കാരൻ** | **പോളി പള്ളത്താട്ടിൽ** |
| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |

# ആദരാഞ്ജലികൾ...



## റവ. സി. ആഗ്നറ്റ് സി.എം.സി.

**മരണം: 24.04.2023**

ഇരിങ്ങാലക്കുട രൂപത, മാള ഇടവക, എടാട്ടുകാരൻ കോരത്-അന്നം ദമ്പതികളുടെ മകളാണ് സി. ആഗ്നറ്റ് (ലില്ലി -79). ആവില കോയമ്പത്തൂർ, നേപ്പനഗർ (വാർദ്ധ), സൊക്കോർസൊ മാള, ബുർഗം പൂർ (വാർദ്ധ), ഉദയ പ്രോവിൻഷ്യൽ ഹൗസ് ഇരിങ്ങാലക്കുട, മൗണ്ട് കാർമ്മൽ ജനറേലേറ്റ് ആലുവ, ഹോളി ചൈൽഡ് സ്നേഹഗിരി, എൽ. എഫ് ഇരിങ്ങാലക്കുട, കാർമ്മൽ വേപ്പുംപ്പട്ട് (ചെന്നൈ), സെന്റ് ജോസഫ് ആനന്ദപുരം, വിമൽഭവൻ ഇരിങ്ങാലക്കുട എന്നിവിടങ്ങളിലാണ് തന്റെ നിസ്തുലമായ സേവനം കാഴ്ചവെച്ചത്. വ്രതവാഗ്ദാനത്തിന്റെ ഗോൾഡൻ ജൂബിലി വർഷത്തിലേക്ക് പ്രവേശിച്ച സിസ്റ്റർ പുളിയിലകുന്ന് ചാവറ നികേതൻ ഭവനത്തിൽ മഠത്തിൽ വിശ്രമജീവിതം നയിക്കുമ്പോഴാണ് 2023 ഏപ്രിൽ 24-ാം തിയ്യതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

---

## റവ. സി. റോണാൾഡ് സി. എം. സി.

**മരണം: 10.05.2023**



ഇരിങ്ങാലക്കുട രൂപത, കല്ലേറ്റുംകര ഇടവക ഇളംകുന്നപ്പുഴ ഇല്ലിക്കൽ തോമസ് - മറിയം എന്നീ മാതാപിതാക്കളുടെ 8 മക്കളിൽ രണ്ടാമത്തെ മകളായി ലില്ലി (സി. റോണാൾഡ് സി.എം.സി.) 18.10.1940ൽ ജനിച്ചു. 1966ൽ ആദ്യ വ്രതാർപ്പണവും 1972ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 2016ൽ തന്റെ വ്രതബദ്ധ ജീവിതത്തിന്റെ സുവർണ്ണജൂബിലിയും ആഘോഷിച്ചു. വിമല തൃശൂർ, കാർമ്മൽ മാള, സൊക്കോർസൊ മാള, കാട്ടൂർ, ഉദയ ഇരിങ്ങാലക്കുട, പുല്ലൂർ, പോട്ട, കുമ്പിടി, കുറ്റിക്കാട്, വൈന്തല, എടത്തിരുത്തി എന്നിവിടങ്ങളിലാണ് സിസ്റ്റർ തന്റെ നിസ്തുലമായ സേവനം കാഴ്ചവെച്ചത്. വൈന്തല സെന്റ് തോമസ് മഠത്തിൽ വിശ്രമജീവിതം നയിക്കുമ്പോഴാണ് തന്റെ 83-ാമത്തെ വയസ്സിൽ 2023 മെയ് 10-ാം തിയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.



## റവ. സി. ധന്യ ബാസ്റ്റിൻ എഫ്.സി.സി.

**മരണം: 10.05.2023**

ഇരിങ്ങാലക്കുട രൂപത കോട്ടാറ്റ് ഇടവക പതിയാപറമ്പിൽ കൊച്ചുദേവസ്സി - അന്നക്കുട്ടി ദമ്പതികളുടെ അഞ്ച് മക്കളിൽ രണ്ടാമത്തെ മകളായി 29.10.1957ൽ റോസി (സി. ധന്യ ബാസ്റ്റിൻ) ഭൂജാതയായി. കോട്ടാറ്റ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം 01.09.1976 തൃശൂർ മരത്താക്കര മഠത്തിൽ അർത്ഥിനിയായി പ്രവേശിച്ചു. 02.05.1980-ൽ പ്രഥമ വ്രതവാഗ്ദാനം നടത്തി, സി. ധന്യ ബാസ്റ്റിൻ എന്ന നാമം സ്വീകരിച്ചു. 21.05.1986ൽ നിത്യവ്രതവാഗ്ദാനം ചെയ്ത സിസ്റ്റർ 2005ൽ വ്രതവാഗ്ദാനത്തിന്റെ രജതജൂബിലി ആഘോഷിച്ചു.

2012-2018 കാലയളവിൽ ഇരിങ്ങാലക്കുട അൽവേർണിയ പ്രോവിൻസിന്റെ പ്രൊവിൻഷ്യളായി സേവനമനുഷ്ഠിച്ച ബ. ധന്യമ്മ 2018ൽ കെനിയ റീജിയണിന്റെ അസി. സുപ്പീരിയറായും 2021ൽ റീജിനൽ സുപ്പീരിയർ ആയും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2023 മെയ് 10ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

---



## റവ. സി. റൂഫസ് സി.എം.സി.

**മരണം: 17.05.2023**

ഇരിങ്ങാലക്കുട രൂപത, കുറ്റിച്ചിറ പുളിങ്കര ഇടവക ബ്രഹ്മകുളം കൊച്ചാപ്പു- ചെർച്ചി ദമ്പതികളുടെ മൂന്നാമത്തെ മകളായി സി. റൂഫസ് സി.എം.സി. (സിസിലി) 23.06.1936ൽ ജനിച്ചു. 1963 കർമ്മലയിലേക്കുള്ള തന്റെ വിളി തിരിച്ചറിഞ്ഞ് 1958ൽ ആദ്യ വ്രതാർപ്പണവും 1972ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 2008ൽ തന്റെ വ്രതബദ്ധ ജീവിതത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചു. പോട്ട, എലിഞ്ഞിപ്ര, പരിയാരം, കൊടുങ്ങല്ലൂർ, ബാലഭവൻ പുളിയിലകുന്ന്, മിത്രാലയ സ്നേഹഗിരി, വേപ്പുംപെട്ട് (ചെന്നൈ), എൽ.എഫ്. ഇരിങ്ങാലക്കുട, ബാംഗ്ലൂർ, തൃശൂർ, എടത്തിരുത്തി, ചന്ദ്രപൂർ, അയനാവരം (ചെന്നൈ), ഉദയ ഇരിങ്ങാലക്കുട, സൊക്കോർസൊ മാള, കാട്ടൂർ, പുല്ലൂർ, കുമ്പിടി, കുറ്റിക്കാട്, വൈന്തല, എന്നിവിടങ്ങളിലാണ് സിസ്റ്റർ തന്റെ നിസ്തുലമായ സേവനം കാഴ്ചവെച്ചത്. കാട്ടുങ്ങച്ചിറ മഠത്തിൽ വിശ്രമജീവിതം നയിക്കുമ്പോഴാണ് തന്റെ 87-ാമത്തെ വയസ്സിൽ 2023 മെയ് 17ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടത്.

# അനുസ്മരണദിനങ്ങൾ

## 2023 ജൂലൈ

02 ഞായർ : ശ്ലീഹാക്കാലം ആറാം ഞായർ
03 തിങ്കൾ : **മാർത്തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ**
07 വെള്ളി : മാസാദ്യവെള്ളി
09 ഞായർ : ശ്ലീഹാക്കാലം ഏഴാം ഞായർ
10 തിങ്കൾ : **അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ ഏഴാം ചരമവാർഷികം (2016)**
14 വെള്ളി : കർത്താവിന്റെ എഴുപത് ശിഷ്യന്മാർ
15 ശനി : **കർമ്മലമാതാവ് (16 ഞായർ)**
വി. കുര്യാക്കോസും, വി. ജൂലിറ്റായും
16 ഞായർ : കൈത്താക്കാലം ഒന്നാം ഞായർ
**പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ**
21 വെള്ളി : നിസിബിസിലെ വി. യാക്കോബ്
22 ശനി : വി. മഗ്ദലേന മറിയം
23 ഞായർ : കൈത്താക്കാലം രണ്ടാം ഞായർ
മുത്തശ്ശി-മുത്തച്ഛന്മാരുടെയും വയോധികരുടെയും ദിനം
25 ചൊവ്വ : **വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ**
26 ബുധൻ : വി. യോവാക്കിമും, വി. അന്നായും
28 വെള്ളി : **വി. അൽഫോൻസയുടെ തിരുനാൾ**
മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി
29 ശനി : വി. മർത്താ
30 ഞായർ : കൈത്താക്കാലം മൂന്നാം ഞായർ
31 തിങ്കൾ : വി. ഇഗ്നേഷ്യസ് ലയോള

# സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. ജേക്കബ് എളങ്കുന്നപ്പുഴ | 01.07.1979 |
| മോൺ. ജോർജ്ജ് തെക്കേക്കര | 28.07.1982 |
| റവ. ഫാ. ജോൺ ചെറുനിലം | 31.07.1984 |
| റവ. ഫാ. ആന്റണി കിഴക്കൂടൻ | 30.07.1995 |
| മാർ ജെയിംസ് പഴയാറ്റിൽ | 10.07.2016 |
| റവ. ഫാ. ജോർജ്ജ് മാളിയേക്കൽ | 25.07.2020 |
| റവ. ഫാ. തോമസ് പഞ്ഞിക്കാരൻ | 19.07.2021 |
| റവ. ഫാ. ജോസ് കാനംകുടം | 22.07.2021 |

1. **അനുമോദനവും അവാർഡ്ദാനവും - സൺഡേ കാറ്റക്കിസം**

ജൂലൈ 1-ാം തിയ്യതി ശനിയാഴ്ച 2 മണിക്ക് വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽവച്ച് നടക്കുന്ന അവാർഡ്ദാന ചടങ്ങിൽ 2022-23 അദ്ധ്യയനവർഷത്തിൽ വിശ്വാസപരിശീലനരംഗത്ത് 25 വർഷം ശുശ്രൂഷ ചെയ്ത അദ്ധ്യാപകരെയും, മതാദ്ധ്യാപക പരീക്ഷയിൽ O, A+, A, B+ എന്നീ ഗ്രേഡുകൾ നേടി സമ്മാനത്തിന് അർഹരായവരെയും IFL ഡയറി തയ്യാറാക്കിയതിൽ ഒന്നാം സമ്മാനത്തിനർഹരായ യൂണിറ്റുകളെയും, കയ്യെഴുത്ത് മാസിക മത്സരത്തിൽ ഉന്നതസ്ഥാനം നേടിയ യൂണിറ്റുകളെയും അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് ആദരിക്കുന്നു. 2022-23 അദ്ധ്യയനവർഷത്തിൽ X, XII വാർഷിക പരീക്ഷയിൽ റാങ്ക് കരസ്ഥമാക്കിയവർക്കും, സ്കോളർഷിപ്പ് പരീക്ഷയിൽ റാങ്കിനർഹരായവർക്കും, 12 വർഷം മതബോധന ക്ലാസ്സുകളിൽ മുടങ്ങാതെ പങ്കെടുത്ത വിദ്യാർത്ഥികൾക്കും, മികച്ച യൂണിറ്റുകൾക്കുമുള്ള സമ്മാനങ്ങൾ ജൂലൈ 3-ാം തിയ്യതി ഉച്ചകഴിഞ്ഞ് 2 മണിക്ക് നടക്കുന്ന അവാർഡ്ദാന ചടങ്ങിൽ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് നൽകുന്നു.

2. **Enlight 2023**

ജൂൺ 18-ാം തിയ്യതി വിദ്യാജ്യോതിയിൽവച്ച് ഒന്നാം ക്ലാസ്സിലെ അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടിയോടുകൂടി ഈ വർഷത്തെ Enlight പരിശീലന സെമിനാർ ആരംഭിച്ചു. ഓരോ ക്ലാസ്സ് അടിസ്ഥാനത്തിൽ എല്ലാ അദ്ധ്യാപകരും പങ്കെടുക്കുന്ന ഈ പരിശീലന പരിപാടി 9.30 മുതൽ 4 മണിവരെ ആയിരിക്കും. അന്ന് വിശുദ്ധ കുർബാന വിദ്യാജ്യോതിയിൽ ഉണ്ടായിരിക്കുന്നതാണ്.

*എൻലൈറ്റ് 2023 നടക്കുന്ന ദിവസങ്ങൾ*

Std. II ലെ അദ്ധ്യാപകർക്ക് - ജൂലൈ 16 ഞായർ

Std. III ലെ അദ്ധ്യാപകർക്ക് - ജൂലൈ 23 ഞായർ

Std. IV ലെ അദ്ധ്യാപകർക്ക് - ജൂലൈ 30 ഞായർ

3. **Intensive Faith Lab (IFL)**

മതബോധന വിദ്യാർത്ഥികളുടെ നൈസർഗിക കഴിവുകളെ പ്രോത്സാഹിപ്പിക്കുക, വിശ്വാസ പ്രചാരണത്തിന് അവരെ ഒരുക്കുക എന്നിയാണ് Intensive Faith Lab ന്റെ ലക്ഷ്യം. ജൂലൈ 2-ാം തിയ്യതി

ഞായറാഴ്ച Intensive Faith Lab ഉദ്ഘാടനം ഇടവകകളിൽ നടത്തേണ്ടതാണ്.

4. **നവമതാദ്ധ്യാപക അടിസ്ഥാന കോഴ്സ് (BCT)**

രൂപതാതലത്തിൽ ജൂലൈ 8, 9 (ശനി, ഞായർ) തിയ്യതികളിൽ കല്ലേറ്റുംകര പാക്സിൽവച്ചു അദ്ധ്യാപകർക്കായി നടത്തപ്പെടുന്ന ദ്വിദിന അദ്ധ്യാപക പരിശീലനക്ലാസ്സുകളിൽ നവാഗതരായ എല്ലാ അദ്ധ്യാപകരും, 5 വർഷത്തിനുള്ളിൽ ഈ കോഴ്സിൽ പങ്കെടുക്കാത്ത അദ്ധ്യാപകരും നിർബന്ധമായും പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കേണ്ടതാണ്.

5. **സോഫിയ ക്വിസ്**

ജൂലൈ 23-ാം തിയ്യതി ഞായറാഴ്ച ഇടവകതലത്തിലും, 30-ാം തിയ്യതി ഞായറാഴ്ച (സൗകര്യപ്രദമായ ദിവസം) ഫൊറോനതലത്തിലും നടത്തേണ്ടതാണ്. ഫൊറോന തലത്തിൽ നടത്തുന്ന സോഫിയ ക്വിസ് മത്സരത്തിൽനിന്ന് രണ്ട് ടീമുകളുടെ പേരുകൾ ആഗസ്റ്റ് 10-ാം തിയ്യതിക്കുള്ളിൽ വിദ്യാജ്യോതിയിൽ നൽകേണ്ടതാണ്.

6. ഇടവക മതബോധന കൗൺസിൽ, രക്ഷാകർത്തൃസമിതി (പി.ടി.എ.) എന്നിവയുടെ ലിസ്റ്റ് ജൂലൈ 31-ാം തിയ്യതിക്കുള്ളിൽ വിദ്യാജ്യോതിയിൽ ഏൽപ്പിക്കേണ്ടതാണ്.

7. **രക്ഷാകർത്തൃ സമ്മേളനം (പി.ടി.എ)**

ആഗസ്റ്റ് 5-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചക്ക് 2 മണി വരെ വിദ്യാജ്യോതി മതബോധനകേന്ദ്രത്തിൽവച്ച് നടക്കുന്ന സമ്മേളനത്തിൽ പി.ടി.എ. പ്രസിഡന്റുമാർ സംബന്ധിക്കേണ്ടതാണ്.

8. **ഉപപാഠപുസ്തകം**

I - III വരെയുള്ള ക്ലാസ്സുകളിൽ 'ഈശോയുടെ സ്നേഹിതർ', IV - X വരെയുള്ള ക്ലാസ്സുകളിൽ 'വിശ്വാസ വഴിയേ' എന്ന ഉപപാഠപുസ്തകവും വിദ്യാജ്യോതി വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി പുറത്തിറക്കി. XI- XII വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ആനുകാലിക വിഷയങ്ങളെ ആസ്പദമാക്കിയുള്ള റിസോഴ്സുകൾ വിദ്യാജ്യോതിയിൽനിന്നും നൽകുന്നതാണ്. ഉപപാഠപുസ്തകങ്ങൾ തയ്യാറാക്കുവാൻ സഹകരിച്ച എല്ലാ വിശ്വാസപരിശീലകരെയും നന്ദിയോടെ ഓർക്കുന്നു. അഭിനന്ദനങ്ങൾ നേരുന്നു.

**9. അവാർഡ്ദാനം - Daily Catechism**

2022-23 അദ്ധ്യയനവർഷത്തിൽ സ്കൂൾ മതബോധന സ്കോളർഷിപ്പ് പരീക്ഷയിൽ റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള അവാർഡുകളും ട്രോഫികളും ജൂലൈ 1-ാം തിയ്യതി ശനിയാഴ്ച 2 മണിക്ക് വിദ്യാജ്യോതി മതബോധന കേന്ദ്രത്തിൽവച്ച് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവ് നൽകുന്നു.

**10. ട്രോഫി ജേതാക്കൾ - Daily Catechism**

രൂപത സ്കോളർഷിപ്പ് പരീക്ഷയിൽ കൂടുതൽ പോയിന്റുകൾ നേടി എവറോളിങ്ങ് ട്രോഫികൾക്ക് അർഹരായ സ്കൂളുകൾ.

എൽ.പി. - സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.എസ്., കുറ്റിക്കാട്

യു.പി. - എൽ.എഫ്.സി.ജി.എച്ച്.എസ്., ഇരിങ്ങാലക്കുട

- സെന്റ് മേരീസ് ജി.എച്ച്.എസ്., കുഴിക്കാട്ടുശ്ശേരി

ഹൈസ്കൂൾ - സെന്റ് ജോസഫ്സ് ഇ.എം.എച്ച്.എസ്.എസ്. ആളൂർ

**11.** 2023-2024 പുതിയ അദ്ധ്യയനവർഷത്തോടനുബന്ധിച്ച് ജൂൺ 14-ാം തിയ്യതി ബുധനാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ സ്കൂൾ വേദോപദേശം, സന്മാർഗ്ഗശാസ്ത്രം എന്നീ വിഷയങ്ങളുടെ അദ്ധ്യാപക പ്രതിനിധി സമ്മേളനം വിദ്യാജ്യോതി മതബോധനകേന്ദ്രത്തിൽവച്ച് വികാരി ജനറാൾ മോൺ. ജോസ് മഞ്ഞളി ഉദ്ഘാടനം ചെയ്തു. രൂപത മതബോധന ഡയറക്ടർ ഫാ. ഡോ. റിജോയ് പഴയാറ്റിൽ എല്ലാവർക്കും സ്വാഗതമേകി, ഈ വർഷത്തെ പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകി. ഇരിങ്ങാലക്കുട രൂപത കോർപ്പറേറ്റ് അസി. മാനേജർ ഫാ. സീജോ ഇരിമ്പൻ ആശംസകളർപ്പിച്ചു. വിദ്യാർത്ഥികൾക്കിടയിലുള്ള മയക്കുമരുന്നിന്റെ ഉപയോഗത്തെക്കുറിച്ചും അതിനെ അദ്ധ്യാപകർ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെക്കുറിച്ചും ഇരിങ്ങാലക്കുട സിവിൽ എക്സൈസ് ഓഫീസർ ശ്രീ. സി. വി. രാജേന്ദ്രൻ അദ്ധ്യാപകരെ പ്രബുദ്ധരാക്കി.

ജൂൺ 21 ബുധനാഴ്ച മുതൽ 2023-24 അദ്ധ്യയനവർഷത്തിലെ സ്കൂൾ കാറ്റക്കിസം - മോറൽ സയൻസ് ക്ലാസ്സുകൾ ആരംഭിച്ചു.

**ഫാ. റിജോയ് പഴയാറ്റിൽ**

ഡയറക്ടർ

# സെന്റ് പോൾസ് മൈനർ സെമിനാരി

**1. മേജർ സെമിനാരി പരിശീലനം**

2023-24 അദ്ധ്യയനവർഷത്തിലെ തത്വശാസ്ത്ര - ദൈവശാസ്ത്ര ക്ലാസ്സുകൾ വിവിധ മേജർ സെമിനാരികളിൽ ആരംഭിച്ചു. ഒന്നാം വർഷ തത്വശാസ്ത്ര - ദൈവശാസ്ത്ര വിദ്യാർത്ഥികളെ സെന്റ് പോൾസ് മൈനർ സെമിനാരിയിൽനിന്നും മേജർ സെമിനാരികളിലേക്ക് കൊണ്ടുചെന്നാക്കി.

**2. നാലാം വർഷ മൈനർ സെമിനാരി പരിശീലനം**

മൈനർ സെമിനാരിയിൽനിന്നും പരിശീലനം പൂർത്തിയാക്കിയ 9 പേരെ ജൂൺ 1-ാം തിയ്യതി ആളൂർ തിരുഹൃദയ ഭവനത്തിലേക്ക് 4-ാം വർഷ മൈനർ സെമിനാരി പരിശീലനത്തിനായി കൊണ്ടുചെന്നാക്കി.

**3. മാസധ്യാനം**

ജൂൺ മാസത്തിലെ മാസധ്യാനം മൈനർ സെമിനാരിയിലെ ജൂനിയർ, സീനിയർ വൈദിക വിദ്യാർത്ഥികൾക്കായി ജൂൺമാസം 4-ാം തിയ്യതി നടത്തി. മുത്രത്തിക്കര ഇടവകാംഗവും ജീസസ് യൂത്ത് മൂവ്മെന്റിന്റെ മുൻ രൂപത കോർഡിനേറ്ററുമായ ശ്രീ. ബിനോയ് മാസധ്യാനത്തിനും ആരാധനയ്ക്കും നേതൃത്വം നൽകി.

**4. സബ് ജൂനിയേഴ്സ്**

മൈനർ സെമിനാരിയിൽ ഈ വർഷം 12 വൈദിക വിദ്യാർത്ഥികൾ ഒന്നാം വർഷ വൈദിക പരിശീലനം ആരംഭിച്ചു. ജൂൺ 8-ാം തിയ്യതി വ്യാഴാഴ്ച അഭിവന്ദ്യ പിതാവ് അവരെ സെമിനാരിയിലേക്ക് സ്വീകരിച്ചു.

**5. Alpha Initiation Programme**

ഈ വർഷം മൈനർ സെമിനാരിയിൽ ചേർന്ന വൈദിക വിദ്യാർത്ഥികൾക്കായി ജൂൺ 9 മുതൽ 11 വരെയുള്ള മൂന്ന് ദിവസത്തെ Initiation programme ഒരുക്കി. ബഹു. വൈദികരുടെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളക്കുറിച്ചുള്ള ക്ലാസ്സുകൾ ഉണ്ടായിരുന്നു.

**6. Psycho-Spiritual - Language Course**

പുതിയയതായി മൈനർ സെമിനാരിയിൽ ചേർന്ന വൈദിക വിദ്യാർത്ഥികൾക്കായി ജൂൺ 12-25 വരെയുള്ള രണ്ട് ആഴ്ചകളിൽ Psycho-Spiritual Language Course സംഘടിപ്പിച്ചു. ഡോ. ജോബി ജോൺ കോഴ്സിന് നേതൃത്വം നൽകി.

**7. വൈദിക വസ്ത്ര സ്വീകരണം**

ജൂൺ 17-ാം തിയ്യതി മൈനർ സെമിനാരിയിൽവച്ച് മാരാംകോട് ഇടവകാംഗമായ ബ്രദർ ജോയൽ കാവുങ്കൽ അഭിവന്ദ്യ പിതാവിൽനിന്ന് വൈദികവസ്ത്രം സ്വീകരിച്ചു.

**8. വൈദിക വിശുദ്ധീകരണദിനം**

ജൂൺ 18-ാം തിയ്യതി സ്പിരിച്വാലിറ്റി സെന്ററിൽവച്ച് നടന്ന രൂപത ഉപവാസ-ആരാധന ദിനത്തിൽ, 2-3 മണിവരെ മൈനർ സെമിനാരി വിദ്യാർത്ഥികൾ ആരാധനക്ക് നേതൃത്വം നൽകി

**9. സാമ്പത്തിക സഹായം നൽകിയവർ**

| | |
|---|---|
| 1. സെന്റ് മേരീസ് ചർച്ച്, ചേലൂർ | 25,000 |
| 2. പാറേക്കാടൻ കുടുംബയോഗം, നടവരമ്പ് | 25,000 |
| 3. മതബോധനം സ്റ്റാഫ് & സ്റ്റുഡന്റ്സ്, സെന്റ് മേരീസ് ഫൊറോന ചർച്ച്, ചാലക്കുടി | 25,000 |
| 4. ആൽജിൻ ആന്റണി ചിറമ്മേൽ, ചെമ്മണ്ട | 50,000 |
| 5. ജോർജ്ജ് ഔസേപ്പ് ഊക്കൻ വടക്കൂട്ട്, പാദുവാനഗർ | 25,000 |
| 6. ഫ്രാൻസിസ് വർഗ്ഗീസ് ചാമവളപ്പിൽ, ഇരിങ്ങാലക്കുട | 25,000 |

**ഫാ. ഡേവിസ് കിഴക്കുംതല**
റെക്ടർ

---

**ഇരിങ്ങാലക്കുട രൂപതയുടെ സഹമദ്ധ്യസ്ഥനായ**
**മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ**
**ആശംസകൾ...**




പ്രിയമുള്ള സഹോദര വൈദികരേ, സമർപ്പിതരേ, അത്മായ സഹോദരങ്ങളേ, ഏവർക്കും ഭാരതത്തിന്റെ അപ്പസ്തോലനും ഇരിങ്ങാലക്കുട രൂപതയുടെ സഹമദ്ധ്യസ്ഥനുമായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ സ്നേഹാശംസകൾ പ്രാർത്ഥനയോടെ നേരുന്നു.

**ബിഷപ്പ് പോളി കണ്ണൂക്കാടൻ**

## ബ്ലസ് എ ഹോം

1. ഇരിങ്ങാലക്കുട രൂപത ബ്ലസ്സ് എ ഹോം പദ്ധതിയിൽ നിന്ന് 2400 കുടുംബങ്ങൾക്ക് വ്യക്തിഗത എക്കൗണ്ടിലേക്ക് ഇപ്പോൾ പത്ത് കോടി ഇരുപത്തിയേഴ് ലക്ഷത്തി നാല്പത്തൊന്നായിരത്തി ഒരുനൂറ്റി ഇരുപത് (10,27,41,120/-) രൂപ നൽകി.

2. **ബ്ലസ്സ് എ ഹോമിലേയ്ക്ക് സംഭാവന നൽകിയവർ**

| | | |
|---|---|---|
| 01. | ജോയ് ആലൂക്കാസ് ഫൗണ്ടേഷൻ, തൃശ്ശൂർ | 20,000.00 |
| 02. | ജോൺ ഫ്രാൻസീസ്സ്, കണ്ടംകുളത്തി, ഇരിങ്ങാലക്കുട | 10,000.00 |
| 03. | റവ. സി. സവിത സി.എച്ച്.എഫ് | 7,000.00 |
| 04. | പീറ്റർ ആന്റണി കോമ്പാറക്കാരൻ, കാട്ടൂർ | 20,000.00 |
| | **ആകെ** | **57,000.00** |

**ഫാ. മെഫിൻ തെക്കേക്കര**
ഡയറക്ടർ

---

## പാക്സ്

| | | | |
|---|---|---|---|
| 1. July | 4, 5, 6 (Tue to Thu) | - | Pre Cana |
| July | 31, Aug 1, 2 | - | Pre Cana |
| July | 2 | - | Catholic Couples Movement Programme |
| July | 8,9 | - | BCT Course |
| July | 16 to 21 | - | Priests' Retreat (Kottapuram Diocese) |
| July | 24 to 28 | - | Priests' Retreat (Irinjalakuda Diocese) |
| August 7 to 11 | | - | Priests' Retreat (Irinjalakuda Diocese) |
| August 21,22,23 | | - | Pre Cana |

Contact Number 0480 – 2880878, 8281298782

**ഫാ. ജോജി പാലമറ്റത്ത്**
ഡയറക്ടർ

**1. 2023 ജൂലൈ മാസത്തെ പരിപാടികൾ**

| | | |
|---|---|---|
| 02 | : | ആദ്യഞായർ കൂട്ടായ്മ |
| 02 | : | എ. എ. ഗ്രൂപ്പ് മീറ്റിങ്ങ് |
| 03 | : | അവധി |
| 05 | : | പ്രാർത്ഥനാദിനം |
| 06 | : | സ്റ്റാഫ് മീറ്റിങ്ങ് |
| 08 – 15 | : | ലഹരിമോചന പരിശീലന ക്യാമ്പ് |
| 16 | : | എ. എ. ഗ്രൂപ്പ് മീറ്റിങ്ങ് |
| 23 | : | എ. എ. ഗ്രൂപ്പ് മീറ്റിങ്ങ് |
| 24– 31 | : | ഫീൽഡ് വിസിറ്റ് |
| 26 | : | ഫോളോ അപ്പ് മീറ്റിങ്ങ് |
| 30 | : | എ. എ. ഗ്രൂപ്പ് മീറ്റിങ്ങ് |

**2. ഇന്നലെകൾ:** ജൂൺ മാസത്തെ ആദ്യഞായർ കൂട്ടായ്മയിൽ 58 പേരും ഫോളോ അപ്പ് മീറ്റിങ്ങിൽ 54 പേരും പങ്കെടുത്തു. ഈ രണ്ടു ദിനത്തിലും ഡയറക്ടർ ജോൺ പോളച്ചന്റെ നേതൃത്വത്തിൽ ദിവ്യബലിയും, വചനസന്ദേശവും പ്രത്യേക പ്രാർത്ഥനയും ജീവിതാനുഭവം പങ്കുവയ്ക്കലും നടത്തി. ഓരോരുത്തർക്കും പ്രത്യേക പ്രോത്സാഹനവും വേണ്ട നിർദ്ദേശങ്ങളും നൽകി. എല്ലാവരും സന്തോഷമായി തിരിച്ചുപോയി. അഞ്ച് കുടുംബങ്ങൾക്ക് കൗൺസിലിങ്ങ് കൊടുത്ത് അവരെ പ്രതീക്ഷയുള്ള ജീവിതം നയിക്കുവാൻ പ്രോത്സാഹിപ്പിച്ചു. 369–ാമത്തെ ക്യാമ്പിൽ 43 പേർ പങ്കെടുത്തു. ക്യാമ്പിലെ കുടുംബദിനത്തിൽ 9 പേർക്ക് ലഹരി വിമുക്ത ജീവിതത്തിന്റെ മെഡൽ നൽകി ആദരിച്ചു. വെള്ളിയാഴ്ച മോൺ. വിൽസൻ ഈരത്തറ ദിവ്യബലിയും വചനസന്ദേശവും നൽകി. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ക്യാമ്പംഗങ്ങളുടെ 30 ഭവനങ്ങൾ സന്ദർശിച്ച് അവരുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കി വേണ്ട നിർദ്ദേശങ്ങൾ നൽകി.

**ഫാ. ജോൺ പോൾ ഈയ്യന്നം**
ഡയറക്ടർ

## ഡോ. ഫാ. ഫ്രാൻസിസ് ചിറയത്ത് സ്കോളർഷിപ്പ് സ്കീം

ഇരിങ്ങാലക്കുട രൂപത വൈദികനായിരുന്ന, ദിവംഗതനായ ബഹു. ഫ്രാൻസിസ് ചിറയത്തച്ചന്റെ സ്മരണാർത്ഥം സ്ഥാപിക്കപ്പെട്ടിരിക്കുന്ന ഡോ. ഫാ. ഫ്രാൻസിസ് ചിറയത്ത് മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഭാഗമായി, പ്ലസ്‌വൺ പഠനം ആരംഭിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥിനി-വിദ്യാർത്ഥികൾക്ക് (BPL, EWS ലഭിച്ചിട്ടുള്ള കുടുംബങ്ങളിൽനിന്നുള്ളവർ) ഏർപ്പെടുത്തിയിരിക്കുന്ന സഹായ പദ്ധതിയാണ് ഡോ. ഫാ. ഫ്രാൻസിസ് ചിറയത്ത് സ്കോളർഷിപ്പ് സ്കീം. 3000 രൂപയുടെ സ്കോളർഷിപ്പ് സഹായമാണ് ഇതിലൂടെ നൽകപ്പെടുക. ആദ്യം അപേക്ഷ നൽകുന്ന, അർഹരായ 60 പേർക്കാണ് ഈ സഹായം നൽകപ്പെടുക. അപേക്ഷ നൽകാൻ ആഗ്രഹിക്കുന്നവർ വെള്ളകടലാസിൽ അപേക്ഷ എഴുതി, താഴെ പറയുന്ന രേഖകൾ സഹിതം 2023 ജൂലൈ 15-ാം തിയ്യതിക്ക് മുൻപായി ലഭിക്കത്തക്കവിധം താഴെ കൊടുത്തിട്ടുള്ള അഡ്രസ്സിലേക്ക് അയക്കേണ്ടതാണ്.

***അനുബന്ധ രേഖകൾ:***

1. പ്ലസ് വൺ കോഴ്സിന് പ്രവേശിച്ചിരിക്കുന്ന സ്കൂളിന്റെ പ്രിൻസിപ്പലിന്റെ ശുപാർശ.
2. വീടുൾപ്പെടുന്ന ഇടവകയുടെ വികാരിയച്ചന്റെ ശുപാർശ.
3. എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ കോപ്പി.
4. EWS സർട്ടിഫിക്കറ്റിന്റെയോ, BPL റേഷൻ കാർഡിന്റെയോ ആദ്യ പേജിന്റെയോ കോപ്പി.
5. ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ കോപ്പി.

***അപേക്ഷ അയക്കേണ്ട വിലാസം***

പ്രസിഡന്റ്
ഡോ. ഫാ. ഫ്രാൻസിസ് ചിറയത്ത് മെമ്മോറിയൽ
ചാരിറ്റബിൾ ട്രസ്റ്റ്
ബിഷപ്സ് ഹൗസ്
ഇരിങ്ങാലക്കുട - 680 121

NB: തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് **2023 ജൂലൈ 30 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക്** ഇരിങ്ങാലക്കുട ബിഷപ്സ് ഹൗസിൽവച്ച് സ്കോളർഷിപ്പ് സഹായം നൽകുന്നതായിരിക്കും.

# ബൈബിൾ അപ്പസ്തോലേറ്റ്

**1. ലോഗോസ് ക്വിസ് 2023**

രൂപതാതല പരീക്ഷ സെപ്തംബർ 24ന് ആയിരിക്കും. അച്ചന്റെ ഇടവകയിൽനിന്ന് സാധിക്കാവുന്ന ആളുകളെ പങ്കെടുപ്പിക്കാൻ പരിശ്രമിക്കുമല്ലോ. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ അവസാന തിയ്യതി ജൂലൈ 31. മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണയം നടത്തുന്നതും സമ്മാനങ്ങൾ നല്കുന്നതും ഈ അടിസ്ഥാന ത്തിലായിരിക്കും.

| | | | |
|---|---|---|---|
| A | വിഭാഗം | : | 1-1-2012-നും അതിനുശേഷവും ജനിച്ചവർ |
| B | വിഭാഗം | : | 1-1-2007-നും 31-12-2011-നും ഇടയ്ക്ക് ജനിച്ചവർ |
| C | വിഭാഗം | : | 1-1-1992-നും 31-12-2006-നും ഇടയ്ക്ക് ജനിച്ചവർ |
| D | വിഭാഗം | : | 1-1-1972-നും 31-12-1991-നും ഇടയ്ക്ക് ജനിച്ചവർ |
| E | വിഭാഗം | : | 1-1-1959-നും 31-12-1971-നും ഇടയ്ക്ക് ജനിച്ചവർ |
| F | വിഭാഗം | : | 31-12-1958-നും അതിനു മുമ്പും ജനിച്ചവർ |

**പാഠഭാഗം**

| | |
|---|---|
| ജോഷ്വ 13 - 24 | പ്രഭാഷകൻ 27 - 33 |
| ലൂക്കാ 1 - 8 | 2 കോറിന്തോസ് 1 - 6 |

**സമ്മാനങ്ങൾ**

ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നല്കപ്പെടുന്നു.

60 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന A പ്രായവിഭാഗത്തിലുള്ളവർക്കും 70 ശതമാനത്തിൽ കൂടുതൽ മാർക്കു വാങ്ങുന്ന B, C, D, E, F പ്രായവിഭാഗങ്ങളിലുള്ളവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നല്കുന്നതാണ്.

**2. ബൈബിൾ കലോത്സവം**

ഇരിങ്ങാലക്കുട രൂപത ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ ബൈബിൾ കലോത്സവം സംഘടിപ്പിക്കുന്നു. 2023 ഒക്ടോബർ 14, ശനിയാഴ്ച രചനാമത്സരങ്ങളും, നവംബർ 11, ശനിയാഴ്ച അവതരണ മത്സരങ്ങളും നടത്തപ്പെടുന്നു.

**ഫാ. സീമോൻ കാഞ്ഞിത്തറ**
ഡയറക്ടർ




## 2023 July

### Birth Days

| | | | |
|---|---|---|---|
| **01** | Rev. Fr. Kallely Alex | 13 | Rev. Fr. Kuttikadan Lazar |
| | Rev. Fr. Vezhaparambil George | 15 | Rev. Fr. Elamkunnapuzha Paul |
| 03 | Rev. Fr.Chembakassery Vincent | 16 | Rev. Fr. Kadambatt Joy |
| | Rev. Fr. Pudussery Thomas | 17 | Rev. Fr. Alappatt Sinto |
| | Rev. Fr. Thekkiniyath Dinto | 20 | Rev. Fr.Iyyannam John Paul |
| 04 | Rev. Fr.Chalissery Varghese | 22 | Rev. Fr. Pulickan Ajo |
| | Rev. Fr. Kodiyan Tinto | 24 | Rev. Fr. Menoth Jijo |
| 05 | Rev. Fr. Cheenan Bency | 25 | Rev. Fr. Vadakkumchery Jaison |
| 06 | Rev. Fr. Kannampilly Thomas | | Rev. Fr. Chittakkara Christy |
| 07 | Rev. Fr. Vazhappilly Varghese O. | 26 | Rev. Fr. Vadassery Rees |
| 08 | Rev. Fr. Ambookan Paul A. | 27 | Rev. Fr. Valiyaveettil Saji |
| 10 | Rev. Fr. Kalaparambath Lijo | | |

### Feast Days

| | | | |
|---|---|---|---|
| **03** | Rev. Fr. Alukka Thomas | | Rev. Fr. Ukken Naveen |
| | Rev. Fr. Attokaran Colin | | Rev. Fr. Vadakkan Tom |
| | Rev. Fr. Chittilappilly Sinto | | Rev. Fr. Velakkanadan Thomas |
| | Rev. Fr. Edattukaran Sebin | **15** | Rev. Fr. Manimalakunnel Lijo |
| | Rev. Fr. Elamkunnapuzha Thomas | **21** | Rev. Fr. Varamuthu Daniel |
| | Rev. Fr. Kalambadan Bivin | **25** | Rev. Fr. Alappatt Tijo |
| | Rev. Fr. Kallaparambil Sibu | | Rev. Fr. Athiyunthan James |
| | Rev. Fr. Kannampilly Thomas | | Rev. Fr. Kadavil Jain |
| | Rev. Fr. Kolamkanny Anoop | | Rev. Fr. Kattuparmbil Chacko |
| | Rev. Fr. Koottala Thomas | | Rev. Fr. Kavalakatt James |
| | Rev. Fr. Koottalaparambil Seby | | Rev. Fr. Menoth Jijo |
| | Rev. Fr. Maliekal Tom | | Rev. Fr. Pallipatt Jaims |
| | Rev. Fr. Nattekadan Thomas | | Rev. Fr. Vadakkumchery Jaison |
| | Rev. Fr. Payyappilly Ebin | **31** | Rev. Fr. Chittilappilly Ignatius |
| | Rev. Fr. Pudussery Thomas | | Rev. Fr. Chungath Ignatius |
| | Rev. Fr. Thekkiniyath Dinto | | Rev. Fr. Valiyaveettil Saji |

# സ്പിരിച്ച്വാലിറ്റി സെന്റർ

1. **ആരാധന**

   തിങ്കൾ മുതൽ ശനി വരെ രാവിലെ 6.30നും 8.00നും വിശുദ്ധ കുർബാന, തുടർന്ന് വൈകിട്ട് 5.00 വരെ ആരാധന. വൈകിട്ട് 5ന് വി. കുർബാന.

2. **വചനപ്രഘോഷണവും ആന്തരിക സൗഖ്യ ആരാധനയും**

   എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.00 മണി മുതൽ ഉച്ചതിരിഞ്ഞ് 1.00 മണിവരെ വചനശുശ്രൂഷ, ദിവ്യബലി, കുമ്പസാരം, കൗൺസിലിങ്ങ്, ആന്തരിക സൗഖ്യ ആരാധന, ബന്ധനമോചന ശുശ്രൂഷകൾ.

3. **പ്രേഷിത കൂട്ടായ്മ**

   ജൂലൈ 6-ാം തിയ്യതി വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക്.

4. **ജെറീക്കോ പ്രാർത്ഥന**

   ജൂലൈ 8-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 5.00 മണിയുടെ കുർബാനയ്ക്കുശേഷം.

5. **പ്രാർത്ഥന നിയോഗങ്ങൾ**

   ബഹു. വൈദികർക്കുവേണ്ടി ഓരോ ദിവസവും പ്രത്യേകം പ്രാർത്ഥിക്കുന്നു.

| | | | |
|---|---|---|---|
| 1 | Rev. Fr. Antony Pullokkaran | 17 | Rev. Fr. Jose Vethamattil |
| 2 | Sunday | 18 | Rev. Fr. Antony Mukkattukarakkaran |
| 3 | St. Thomas Day | 19 | Rev. Fr. Antony Thekkineth |
| 4 | Rev. Fr. Pius Cherapanath | 20 | Rev. Fr. Sebastian Panjikaran |
| 5 | Rev. Fr. Paul A. Ambooken | 21 | Rev. Fr. Ignatius Chittilappilly |
| 6 | Rev. Fr. Jose Manjaly | 22 | Rev. Fr. Varghese Palathingal |
| 7 | Rev. Fr. Joy Kadambat | 23 | Sunday |
| 8 | Rev. Fr. Francis Kodiyan | 24 | Rev. Fr. Jose Maliekal |
| 9 | Sunday | 25 | Rev. Fr. Varghese Pathadan |
| 10 | Rev. Fr. Antony Paul Parambeth | 26 | Rev. Fr. Lazar Kuttikadan |
| 11 | Rev. Fr. Thomas Koottala | 27 | Rev. Fr. Vincent Parayil |
| 12 | Rev. Fr. Johnson Manadan | 28 | Rev. Fr. Raphael Ambadan |
| 13 | Rev. Fr. Vincent Chembakassery | 29 | Rev. Fr. Thomas Aluka |
| 14 | Rev. Fr. Varghese Chalissery | 30 | Sunday |
| 15 | Rev. Fr. Raphael Puthenveetil | 31 | Rev. Fr. Davis Maliekal |
| 16 | Sunday | | |

**മോൺ. വിൽസൻ ഈരത്തറ**
റെക്ടർ

**ഫാ. സീമോൻ കാഞ്ഞിത്തറ**
ജോയിന്റ് റെക്ടർ

## അവാർഡ്

1. **ലോകപരിസ്ഥിതിദിനാചരണം:** ചാലക്കുടി അവാർഡ്, മേച്ചിറ ക്ഷീരോല്പാദക സഹകരണസംഘത്തിന്റെ സഹകരണത്തോടെ ലോക പരിസ്ഥിതിദിനാചരണം എലിഞ്ഞിപ്ര സെന്റ് ആന്റണീസ് സ്കൂളിൽ വെച്ച് 2023 ജൂൺ 5 ന് രാവിലെ 10 മണിക്ക് പരിസ്ഥിതി ദിനാചരണ റാലി, വിദ്യാർത്ഥികളുടെ ടാബ്ലോ, പൊതുസമ്മേളനം, വൃക്ഷതൈ വിതരണം, എന്നീ പരിപാടികളോടുകൂടി നടത്തി. അവാർഡ് സെക്രട്ടറി കം ട്രഷറർ ഫാ. ഡിന്റോ തെക്കിനിയത്ത് സ്വാഗതം ആശംസിച്ച യോഗത്തിന്റെ ഉദ്ഘാടനം കോടശ്ശേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റിജു മാവേലി നിർവ്വഹിച്ചു. അവാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മനോജ് കരിപ്പായി വൃക്ഷതൈ വിതരണോദ്ഘാടനം നടത്തി. മേച്ചിറ ക്ഷീരോല്പാദക സഹകര ണസംഘം പ്രസിഡന്റ് ശ്രീ. ജോൺസൺ M.O., എലിഞ്ഞിപ്ര സെന്റ് ആന്റണീസ് സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ജെസിയ C.M.C., കോട ശ്ശേരി ഗ്രാമ പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൻ ശ്രീമതി സുനന്ദ നാരായണൻ, എലിഞ്ഞിപ്ര സെന്റ് ആന്റ ണീസ് സ്കൂൾ അദ്ധ്യാപിക ശ്രീമതി ടിനു ജോൺ, വിദ്യാർത്ഥിനി കുമാരി ആൻ ജൂലിയ വർഗീസ് എന്നിവർ പ്രസംഗിച്ചു. 800 വൃക്ഷ തൈകൾ വിതരണം ചെയ്തു.
2. **ഗൃഹോപകരണ പദ്ധതി:** മിതമായ നിരക്കിൽ തവണകളായി പണ മടച്ച് ഗൃഹോപകരണങ്ങൾ സ്വന്തമാക്കാൻ അവാർഡിന്റെ ഗൃഹോ പകരണപദ്ധതിയുടെ 21-ാം ഘട്ടം ആരംഭിച്ചു. മാതൃസംഘം, വനി താഗണങ്ങൾ തുടങ്ങിയ സംഘങ്ങൾക്കും വ്യക്തികൾക്കും ഏജന്റുമാരായി പ്രവർത്തിക്കാനുള്ള സൗകര്യം തുടർന്നും ഉണ്ടാ യിരിക്കുന്നതാണ്. ഫോൺ: 04802701964, 8547807988
   കർഷകർക്ക് കുറഞ്ഞ നിരക്കിൽ ബാങ്ക് വായ്പ (JLG ലോൺ) കർഷക ഗ്രൂപ്പുകൾക്ക് നബാർഡിന്റെയും ബാങ്ക് ഓഫ് ഇന്ത്യ യുടേയും ധനസഹായത്തോടെ സബ്സിഡിയോടുകൂടിയ കൃഷി വായ്പകൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ. 0480-2701964, 9497315058
3. **സ്വയം തൊഴിൽ പരിശീലനം:** SC/ST വിഭാഗങ്ങൾക്കുള്ള സൗജന്യ ഹാൻഡ് എംബ്രോയിഡറി കോഴ്സ് പരിയാരം ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചു. കോഴ്സിന്റെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മായ ശിവദാസ് നിർവ്വഹിച്ചു. അവാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മനോജ് കരിപ്പായി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**ഫാ. മനോജ് കരിപ്പായി**
ഡയറക്ടർ

1. **അഡോപ്റ്റ് ആൻ ഏയ്ഞ്ചൽ**
**സംഭാവന നൽകിയ ബെനഫാക്ടേഴ്സ്**

| | | |
|---|---|---|
| 1. | Jose Kochekadan, Vallapady | 1,000/- |
| 2. | Preethi Mathew, Padinjakara, Vellikulangara | 500/- |
| 3. | Alex A. A., Arakal, Vellangallur | 10,000/- |
| 4. | Merisha Biju, Pulickaserry, Mala | 1,000/- |
| 5. | Cicily Paul, Kallarakkal, Kottanellur | 10,000/- |
| 6. | Beena K. L., Kochekadan, Vallapadi | 1,000/- |
| 7. | Maggie Wilson, Sojan Wilson, Puthanangadi, Puthenpeedika | 10,000/- |
| 8. | Merisha Biju, Ayanikadan, Mupliyam | 1,000/- |
| 9. | Shemmy Jolly, Vennattuparambil, Kuttikad | 1,000/- |
| 10. | Girish Kumar for V. Nishkriya Sharma, Trichi | 20,000/- |
| 11. | Joseph N. L., Nereparambil, Anandapuram | 10,000/- |
| 12. | Rotary Club of Irinjalakuda Centre, C/o. Jojo K. J., Irinjalakuda | 10,000/- |
| 13. | Alfred Jose & Angelin Jose, Jose & Nisha, Arakkaparambil, Vellikulangara | 20,000/- |
| 14. | Binto P. J., Parekadan, Nadavaramabu | 10,000/- |
| 15. | Davis Payappan, Vellikulangara | 5,000/- |
| 16. | Pauly V. O., Vadassery, Vellikulangara | 5,000/- |
| 17. | Christy Rocky, Chethalan, Koodapuzha | 10,000/- |
| 18. | Paul Arakkaparamban, Vellikulangara | 5,000/- |
| 19. | Tom Lison, Thottungal, Kattoor | 13,000/- |
| | **Total** | **1,43,500/-** |

2. **മെഡിക്ലെയിം ഇൻഷ്വറൻസ്**
യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുടെ നിലവിലുള്ള ഇൻഷുറൻസ് സ്റ്റാർ ഹെൽത്തുമായി സഹകരിച്ച് സോഷ്യൽ

ആക്ഷന്റെ നേതൃത്വത്തിൽ ആരംഭിച്ച പുതിയ (വ്യക്തിഗത/ഫാമിലി) ഇൻഷ്വറൻസ് പദ്ധതി മുന്നോട്ട് പോകുന്നു.
മെഡിക്ലെയിം ഇൻഷ്വറൻസ് വഴി 29 പോളിസി ഉടമകൾക്ക് 3,29,746/- രൂപ വിതരണം ചെയ്തു.

3. **SAJEEVAM**
KSSFന്റെ സഹകരണത്തോടെ കാരിത്താസ് ഇന്ത്യ സജീവം പ്രോജെക്ട് സോഷ്യൽ ആക്ഷൻ ഫോറത്തിൽ ആരംഭിച്ചിരിക്കുന്നു. ലഹരി വിരുദ്ധ തലമുറയെ വാർത്തെടുക്കുന്നതിനായി ഒറ്റക്കെട്ടായി പ്രവർത്തിക്കാനും രൂപതാതലത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. സമൂഹത്തെ ബോധവൽക്കരിക്കാനും വേണ്ടി 18 മാസകാലാവധി ഉള്ള ഒരു പ്രോജെക്ട് ആണ്. ഇടവകതലത്തിൽ ബോധവൽക്കരണ സെമിനാറുകൾ നടത്തി യുവതലമുറയെ സംരക്ഷിക്കുക എന്ന സന്ദേശവുമായി എലിഞ്ഞിപ്ര ബത്‌ലഹം ഇടവകയിൽ ക്യാമ്പ് സംഘടിപ്പിച്ചു. ആനന്ദപുരം സാൻജോ സദൻ ലഹരിമുക്ത ക്യാമ്പ് സംഘടിപ്പിച്ചു
ആശകിരണം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം RCCയുമായി സഹകരിച്ച് കാൻസർ ഡിറ്റക്ഷൻ ക്യാമ്പ് എലിഞ്ഞിപ്ര ബത്‌ലഹം ഇടവകയിൽ നടത്തി.

4. **സേവ് എ ഫാമിലി പദ്ധതി**
സേവ് എ ഫാമിലി 27 ഗുണഭോക്താക്കളുടെ പദ്ധതി പൂർത്തിയായ കംപ്ലീഷൻ റിപ്പോർട്ട് അപ്‌ലോഡ് ചെയ്തു. ബെനഫാക്ടേഴ്സിന് നന്ദി പറഞ്ഞുകൊണ്ട് കത്തുകൾ അയച്ചു

5. **എൽ.ഐ.സി. ജീവൻ മധൂർ ഇൻഷ്വറൻസ്**
എൽ.ഐ.സി. ജീവൻ മധൂർ ഇൻഷ്വറൻസ് വഴി 5 പോളിസി ഉടമകൾക്ക് 90,000/- രൂപ വിതരണം ചെയ്തു.

6. **ജെ.എൽ.ജി. ഗ്രൂപ്പ് പ്രവർത്തനങ്ങൾ**
കാർഷിക ലോൺ: സോഷ്യൽ ആക്ഷൻ ഫോറത്തിന്റെ വനിതാ സംരംഭമായ 'ഗ്രാമശ്രീ'-യിലെ സ്വാശ്രയസംഘങ്ങളിൽപ്പെട്ട 5 ജെ.എൽ.ജി.കൾക്ക് 15 ലക്ഷം രൂപയുടെ കാർഷികവായ്പ ഫെഡറൽ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകൾ വഴി അനുവദിച്ചു. പുതിയ 5 ജെ.എൽ.ജി.കൾ രൂപീകരിച്ചു.

7. **'സാഫല്യം' ഭവന പദ്ധതി**
ഇരിങ്ങാലക്കുട രൂപതയിലെ അർഹരായ 60 പേർക്ക് ഭവനങ്ങൾ നിർമ്മിക്കാനുള്ള സഹായം ഈ പദ്ധതി വഴി വിതരണം ചെയ്യുന്നു. ഈ പദ്ധതി വഴി ഇതിനകം 47,76,000 രൂപ വിതരണം ചെയ്തു.

**ഫാ. തോമസ് നട്ടേക്കാടൻ**
ഡയറക്ടർ

## സിൽച്ചർ മിഷൻ

1. **ഹോം മിഷൻ**

സിൽച്ചർ മിഷനിലെ കുമുളുങ്ങ് മിഷൻ സ്റ്റേഷനിലെ ഹോർക്കുങ്ങ് വില്ലേജിൽ എഫ്.സി.സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോംമിഷൻ നടത്തുകയും 52 ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു.

2 **തിരുനാൾ ആഘോഷങ്ങൾ**

**വണക്കമാസ തിരുനാൾ:** വണക്കമാസ തിരുനാളിനോടനുബന്ധിച്ച് വിവിധ മിഷൻ സ്റ്റേഷനുകളിലെ വില്ലേജുകളിൽ വി. കുർബാനയും സന്ദേശവും ആരാധനയും ജപമാല പ്രദക്ഷിണവും സിനിമ പ്രദർശനവും (മിശിഹാ ചരിത്രം, ഫാത്തിമ മാതാവ്) കൂടാതെ യൂണിറ്റടിസ്ഥാനത്തിൽ മരിയൻ ഭക്തിഗാനാലാപന മത്സരവും ഉണ്ടായിരുന്നു. ഗോത്രവർഗ്ഗ പരമ്പരാഗത രീതിയിലുള്ള പ്രത്യേകം തയ്യാറാക്കിയ നേർച്ച (ചക്കചുളയും, ഗുറിയ മായ്റൂങ്ങും) വിതരണം ചെയ്തു.
ചമ്പക് നഗർ മിഷൻ സ്റ്റേഷൻ - ആരാധനയും, ജീസ്സസ് മൂവിയും മോഹൻപൂർ മിഷൻ സ്റ്റേഷൻ - പരി. അമ്മയുടെ ഫിലിം, യൂണിറ്റടിസ്ഥാനത്തിലുള്ള പരി. അമ്മയുടെ ഗീതാലാപന മത്സരവും ഉണ്ടായിരുന്നു.

**പരി. കുർബാനയുടെ തിരുനാൾ - ജൂൺ 8, വ്യാഴം**

കൊവായ് മിഷൻ സ്റ്റേഷനിലെ എല്ലാ വില്ലേജുകളിലെയും വിശ്വാസികൾ ഹോളിഫാമിലി റൊത്തീല പള്ളിയിൽ ഒന്നിച്ചുചേർന്ന് പരി. കുർബാനയുടെ തിരുനാൾ ആഘോഷിച്ചു. റവ. ഫാ. അഖിൽ വടക്കൻ മുഖ്യ കാർമ്മികനായിരുന്നു.
കുമുളുങ്ങ് മിഷൻ സ്റ്റേഷനിൽ റവ. ഫാ. ബഞ്ചമിൻ ചിറയത്ത് തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി. വി. കുർബാനയും ആരാധനയും ദിവ്യകാരുണ്യപ്രദക്ഷിണവും ഉണ്ടായിരുന്നു.

**തിരുഹൃദയ തിരുനാൾ - ജൂൺ 16, വെള്ളി**

തിരുഹൃദയ വണക്കമാസാചരണത്തോടനുബന്ധിച്ച് സിൽച്ചർ മിഷനിലെ വിവിധ വില്ലേജുകളിൽ വീടുകൾ വെഞ്ചിരിച്ച് തിരുഹൃദയ പ്രതിഷ്ഠ നടത്തി.

**വി. മറിയം ത്രേസ്യയുടെ തിരുനാൾ - ജൂൺ 8**

വി. മറിയം ത്രേസ്യയുടെ തിരുനാൾ ചമ്പക്നഗർ, മോഹൻപൂർ എന്നീ മിഷൻ സ്റ്റേഷനുകളിൽ ആഘോഷിച്ചു.

ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ, ഫാ. ജോയ് തറയ്ക്കൽ എന്നിവർ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

**3. Suari Thangsa**

സെന്റ് ഫ്രാൻസിസ് അസ്സീസി, കാത്തലിക് ചർച്ച് ഡാർക്കായ്, സെന്റ് സെബാസ്റ്റ്യൻ കാത്തലിക് ചർത്ത് കുഞ്ചുമുറ എന്നീ വില്ലേജുകളിൽ കുട്ടികൾക്കായി Suari Thangsa സംഘടിപ്പിച്ചു. സേക്രഡ് ഹാർട്ട് മിഷൻ പ്രീസ്റ്റ് ഇൻചാർജ്ജ് റവ. ഫാ. ബെഞ്ചമിൻ ചിറയത്ത് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. സി. ജെയ്സി മരിയ എഫ്.സി.സി. ക്യാമ്പിന് നേതൃത്വം നൽകി. സി. ലീൻസ് റോസ് എഫ്.സി.സി. രജിസ്ട്രേഷനും ഗെയിമുകൾക്കും നേതൃത്വം നൽകി. സി. പ്രിയങ്ക ജിസ് എഫ്.സി.സി. റിഫ്രഷ്മെന്റ് നൽകി. 15 പേർ പങ്കെടുത്തു.

**4. HEALING & HEALTH CARE MINISTRY - MOBILE PALLIATIVE CARE PROJECT**

| നമ്പർ | മിഷൻകേന്ദ്രം | മൊബൈൽ പാലിയേറ്റീവ് കെയർ ഗുണഭോക്താക്കൾ | മെഡിക്കൽ ക്യാമ്പ് | ഗുണ ഭോക്താക്കൾ |
|---|---|---|---|---|
| 1 | ചമ്പക്നഗർ | 5 | – | – |
| 2 | കമൽപൂർ | – | – | – |
| 3 | കൊവായ് | 38 | – | – |
| 4 | കുമുളുങ്ങ് | 12 | – | – |
| 5 | മനുഗട്ട് | 10 | – | – |
| 6 | മോഹൻപൂർ | 2 | – | – |
| | **ആകെ** | **67** | **–** | **–** |

**5. മാതൃവേദി**

ചമ്പക്നഗർ മിഷൻ സ്റ്റേഷനിൽ 'Mothers Meet' സംഘടിപ്പിച്ചു. സി. ജെയ്സി മരിയ എഫ്.സി.സി. 'Family Prayer' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു. ജപമാലയും ഗെയിംസും ഉണ്ടയിരുന്നു. റവ. ഫാ. ജോയ് തറയ്ക്കൽ സ്വാഗതവും നന്ദിയും പറഞ്ഞു. 25 പേർ പങ്കെടുത്തു.

മോഹൻപൂർ മിഷൻ സ്റ്റേഷനിലെ മുറാബാറി വില്ലേജിൽ മാതൃവേദി സംഘടിപ്പിച്ച മീറ്റിങ്ങിൽ റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ "Importance of Mother' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു. 12 പേർ പങ്കെടുത്തു. മധു ദെബർമ്മ സ്വാഗതവും സി. രമ്യ സി.എച്ച്.എഫ്. ആമുഖ പ്രഭാഷണവും സുചിത്ര ദെബർമ്മ നന്ദിയും പറഞ്ഞു.

6. **Chokareng 2023**

ചമ്പക്നഗർ മിഷൻ സ്റ്റേഷനിലെ നാറിങ്ങ് വില്ലേജിൽ കുട്ടികളുടെ ക്യാമ്പ് സംഘടിപ്പിച്ചു. റവ. ഫാ. ജോയ് തറയ്ക്കൽ 'Importance of Study' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു. പ്രാർത്ഥന, ആക്ഷൻ സോങ്ങ്, ഗെയിം, ക്ലാസ്സ് എന്നിവ ഉൾപ്പെടുത്തിയിരുന്നു. കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. രണ്ടു ദിവസത്തെ ക്യമ്പിൽ 30 കുട്ടികൾ പങ്കെടുത്തു.

7. **SACRAMENTS**

| No. | Mission Station | Village | Sacrements of Initiation | Marriage |
|---|---|---|---|---|
| 1 | ചമ്പക്നഗർ | – | – | – |
| 2 | കമൽപൂർ | – | – | – |
| 3 | കൊവായ് | മൊണയ്ച്ചിറ<br>ലങ്കാപുര<br>മെൽഗാബാറി | 2<br>2<br>11 | –<br>1<br>– |
| 4 | കുമുളുങ്ങ് | ഹോർക്കുങ്ങ് | 1 | – |
| 5 | മനുഗട്ട് | – | – | – |
| 6 | മോഹൻപൂർ | മുറാബാറി<br>ഭദ്രായി | 6<br>2 | – |
| | | **ആകെ** | **24** | **1** |

8. **മലബാർ കാത്തലിക് സ്കൂൾ സിൽച്ചർ മിഷൻ**

**A. ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, ലങ്കാപുര**

കൊവായ് മിഷൻ സ്റ്റേഷനിലെ ലങ്കാപുര വില്ലേജിലെ ലിറ്റിൽ ഫ്ളവർ സ്കൂളിൽ പ്രീപ്രൈമറി ക്ലാസ്സുകൾ ആരംഭിച്ചു. എൽ.കെ.ജി., യു.കെ.ജി. ക്ലാസ്സുകൾ ആരംഭിച്ചു. ജൂൺ 5ന് ലോക പരിസ്ഥിതിദിനം ആഘോഷിച്ചു. 'Importance of Enviornment Day' എന്ന വിഷയത്തെക്കുറിച്ച് സ്കൂൾ ഡയറക്ടർ റവ. ഫാ. മാർട്ടിൻ മാളിയേക്കൽ ക്ലാസ്സ് നൽകി. സ്കൂളും പരിസരവും ടീച്ചേഴ്സും മാതാപിതാക്കളും ചേർന്ന് വൃത്തിയാക്കുകയും സ്കൂൾ പരിസരത്ത് വൃക്ഷതൈകൾ നടുകയും ചെയ്തു.

**പാരന്റ്സ് മീറ്റിങ്ങ്**

പാരന്റ്സ് മീറ്റിങ്ങിൽ കുട്ടികളുടെ യൂണിഫോം, ബുക്കുകൾ, പഠനനിലവാരം, ഹോളിഡെയ്സ് എന്നിവയെപ്പറ്റി ചർച്ച നടത്തി. 50 ഓളം പേർ പങ്കെടുത്തു.

9. **EVANGELIZATION AND PASTORAL CARE**

| Mission Station | Village | | House Visit | | Catechumens |
|---|---|---|---|---|---|
| | Existing | New | Existing | New | |
| Chambaknagar | 4 | - | 15 | 5 | - |
| Kamalpur | - | - | - | - | - |
| Khowai | 4 | 1 | 54 | 8 | 10 |
| Khumulwng | 5 | 1 | 38 | 12 | 38 |
| Manughat | 14 | - | 15 | 10 | 17 |
| Mohanpur | 2 | - | 25 | 3 | 31 |
| **Total** | **29** | **2** | **147** | **38** | **96** |

**B. സെന്റ് സെബാസ്റ്റ്യൻ മലബാർ കാത്തലിക് സ്കൂൾ, മുറാബാറി**

പാരന്റ്സ് മീറ്റിങ്ങ്: സെന്റ് സെബാസ്റ്റ്യൻ മലബാർ കാത്തലിക് സ്കൂളിന്റെ പ്രവേശനവും, പാരന്റ്സ് മീറ്റിങ്ങും എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സ്കൂളിന്റെ നിജസ്ഥിതി, ഭാവി പരിപാടി, കുട്ടികളുടെ വളർച്ചയിൽ മാതാപിതാക്കൾക്കുള്ള പങ്ക് എന്നിവയെക്കുറിച്ച് റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ ക്ലാസ്സ് നൽകി. കുട്ടികൾ സ്വന്തമാക്കേണ്ട സ്വഭാവരീതികൾ, പഠനശീലം എന്നിവയിൽ മാതാപിതാക്കൾക്കുള്ള പങ്ക്, സ്കൂൾ നിയമങ്ങൾ എന്നിവയെക്കുറിച്ച് പ്രിൻസപ്പാൾ റവ. സി. റോസ്മി ജോസഫ് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. വൈസ് പ്രിൻസിപ്പാൾ ശ്രീ. മൈക്കിൾ ദെബർമ്മ സാമ്പത്തിക മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും, കുട്ടികളുടെ പഠനാനുബന്ധ പ്രവർത്തനങ്ങൾ, പാഠ്യേതര പ്രവർത്തനങ്ങളെക്കുറിച്ചും റീജന്റ് ബ്ര. മിഥുൻ വടക്കൻ കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. ദേവിക ദെബർമ്മ സ്വാഗതവും, റിഷ ദെബർമ്മ നന്ദിയും പറഞ്ഞു. 48 മാതാപിതാക്കൾ പങ്കെടുത്തു.

**10. മാസധ്യാനം**

സിൽച്ചർ മിഷനിലെ വൈദികരുടെയും സന്യസ്തരുടെയും ഫെബ്രുവരി മാസത്തെ മാസധ്യാനം ഡോൺ ബോസ്കോ 'Peace Centre'ൽ വച്ച് നടന്നു. റവ. ടൈറ്റസ് കാട്ടുപറമ്പിൽ ' Evangelization, Posibilites Approches, Methods' എന്ന വിഷയത്തെക്കുറിച്ച് ധ്യാനചിന്തകൾ പങ്കുവച്ചു. ജപമാല ബ്ര. മിഥുൻ വടക്കനും, ആരാധന റവ. ഫാ. ടൈറ്റസ് കാട്ടുപറമ്പിലും, ഹോളി ഫാമിലി സിസ്റ്റേഴ്സും കൂടി

നയിച്ചു. ധ്യാനത്തിനുശേഷം മീറ്റിങ്ങും ഷെയറിങ്ങും ഉണ്ടായിരുന്നു.

**11. മിഷനെ അറിയുക മിഷനറി ആവുക**

**സ്വാഗതം:** സിൽച്ചർ മിഷനിലേക്ക് ശുശ്രൂഷയക്കായി കടന്നുവന്ന റവ. സി. പൗളിൻ സി.എച്ച്.എഫ്., റീജൻസിക്കായ് കടന്നുവന്ന ബ്രദർ മിഥുൻ വടക്കൻ, ബ്രദർ സ്വീജസ് പുല്ലൻ എന്നിവർക്ക് സിൽച്ചർ കുടുംബത്തിലേക്ക് സ്വാഗതം.

കൃതജ്ഞത: സിൽച്ചർ മിഷനിലെ സെന്റ് തോമസ് മോഹൻപൂർ മിഷൻ സ്റ്റേഷനിലെ ഹോളി ഫാമിലി കോൺവെന്റിലെ അംഗമായ ഡോ. സി. മരിയ ജോൺ സി.എച്ച്.എഫ്. ന്റെ സ്തുത്യർഹമായ സേവനത്തിന് സിൽച്ചർ കുടുംബത്തിന്റെ കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ.

**12. ആരാധന ജാഗരണ പ്രാർത്ഥന**

മോഹൻപൂർ മിഷൻ സ്റ്റേഷനിലെ ഭദ്രായ് വില്ലേജിൽ സെന്റ് അന്നാ മേരി കാത്തലിക് ചർച്ചിൽ ജൂൺ മാസം മുതൽ എല്ലാ ബുധനാഴ്ചകളിലും തിരുമണിക്കൂർ നടത്തി വരുന്നു.

ചമ്പക്നഗർ മിഷൻ സ്റ്റേഷനിലെ ബൃഹുദാസ് പാറ ചർച്ചിൽ വച്ച് ജാഗരണ പ്രാർത്ഥന നടത്തി. 'കുടുംബ വിശുദ്ധീകരണം' എന്ന പ്രത്യേക നിയോഗത്താൽ നടത്തിയ ജാഗരണ പ്രാർത്ഥനയിൽ ഗ്രാമവാസികൾ ഭക്തിപൂർവ്വം പങ്കെടുത്തു.

**ഫാ. ടൈറ്റസ് കാട്ടുപറമ്പിൽ**
കോ-ഓർഡിനേറ്റർ




## 2023 മെയ്

21 മെയ്–03 ജൂൺ യു.എസ്.എ.

## 2023 ജൂൺ

| | | |
|---|---|---|
| 04 | 09.45 am | അരിപ്പാലം ഇടവകയിൽ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. |
| | 04.45 pm | പോട്ട ഇടവകയിൽ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി. |
| | 06.30 pm | വിദ്യാജ്യോതിയിൽ സി. ലിസ്യു മരിയക്ക് യാത്രയയപ്പ് നൽകിയ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 05 | 10.00 am | കല്ലൂർ, കെ.സി.എം.എസ്. ന്റെ മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 02.30 pm | പുത്തൻവേലിക്കര സെന്റ് ജോർജ്ജ് ഇടവകയിൽ ഫാ. പോൾ വാഴപ്പിള്ളിയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 06 | | കെ.സി.ബി.സി. |
| 07 | | കെ.സി.ബി.സി. |
| | 07.00 am | തുറവൻകുന്ന് ഇടവകയിലെ ഒരു അൾത്താര ശുശ്രൂഷിയുടെ മൃതസംസ്കാരശുശ്രൂഷയുടെ പ്രഥമഭാഗത്തിനു കാർമ്മികത്വം വഹിച്ചു. |
| 08 | 09.30 am | കുഴിക്കാട്ടുശ്ശേരി, മറിയം ത്രേസ്യ തീർത്ഥകേന്ദ്രത്തിൽ വി. മറിയം ത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് സമൂഹബലിയിൽ പ്രധാന കാർമ്മികനായി വി. കുർബാന അർപ്പിച്ചു. |
| | 03.00 pm | മൈനർ സെമിനാരിയിൽ പുതുതായി വന്ന വൈദികാർത്ഥികളെ സ്വീകരിച്ചു. |
| | 04.30 pm | കേരളസഭ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 09 | 07.30 am | പേരാമ്പ്രയിൽ നിർമ്മിക്കുന്ന ഹൃദയ പാലിയേറ്റീവ് കെയർ ഹോസ് പീസ് സന്ദർശിച്ചു. |

| | | |
|---|---|---|
| | 09.00 am | പൊതുജനങ്ങളുമായി കൂടികാഴ്ച നടത്തി. |
| | 02.00 pm | സെന്റ് ജെയിംസ് ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 03.00 pm | സഹൃദയ ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 05.00 pm | ഹൃദയ പാലിയേറ്റീവ് ട്രസ്റ്റ് മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 10 | 07.00 am | ആളൂർ, സെന്റ് ജോസഫ് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. |
| | 10.00 am | പൂവ്വത്തിങ്കൽ ഇടവകയിൽ ഹോളി ഫാമിലി ആഫ്രിക്കൻ പ്രൊവിൻസിന്റെ ഉദ്ഘാടനം നിർവ്വഹിച്ച്, വി. കുർബാന അർപ്പിച്ചു. |
| | 02.00 pm | കുറ്റിക്കാട് ഇടവകയിൽ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. |
| | 02.45 pm | ആളൂർ, പ്രസാദവരനാഥ ഇടവകയിൽ ഒരു ഭവനത്തിൽ ആദ്യകുർബാന സ്വീകരണത്തോടനുബന്ധിച്ച് ഒരു മകൾക്ക് ആശംസകൾ നേർന്നു. |
| | 06.00 pm | സ്പിരിച്വാലിറ്റി സെന്റർ കമ്മിറ്റി മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| 11 | 09.30 am | പുനർനിർമ്മിച്ച കടുപ്പൂക്കര ഇടവക പള്ളിയുടെ പുനർകൂദാശകർമ്മം നിർവ്വഹിച്ചു. |
| | 03.00 pm | കോട്ടപ്പുറം കത്തീഡ്രലിൽ ബിഷപ്പ് കാരിക്കശ്ശേരിക്ക് നൽകിയ യാത്രയയപ്പിനോടനുബന്ധിച്ച് നടത്തിയ വി. കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു. |
| 12 | | ഇഞ്ചക്കുണ്ട് ഇടവകയിൽ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി. |
| 12 – 16 | | സിനഡ് – കാക്കനാട് |
| 17 | 06.45 am | മൈനർ സെമിനാരിയിൽ ബ്രദർ ജോയൽ കാവുങ്കലിന് വൈദികവസ്ത്രം നൽകി. |
| | 09.30 am | വെള്ളാഞ്ചിറ ഇടവകയിൽ കണ്ണൂക്കാടൻ ട്രസ്റ്റ് മീറ്റിനോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. |
| | 02.30 pm | ഏകോപനസമിതി മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 04.30 pm | പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഇരിങ്ങാലക്കുട മുൻസിപ്പൽ ചെയർപേഴ്സണുമായി കൂടികാഴ്ച നടത്തി. |

| | | |
|---|---|---|
| 18 | 09.30 am | സ്പിരിചാലിറ്റി സെന്ററിൽ രൂപതാ ഉപവാസ പ്രാർത്ഥനാദിനത്തോടനുബന്ധിച്ച് ദിവസം മുഴുവൻ പ്രാർത്ഥനയിൽ ചിലവഴിക്കുകയും വി. കുർബാന അർപ്പിച്ച് ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തുകയും ചെയ്തു. |
| 19 | 06.30 am | പ്രൊവിഡൻസ് ഹൗസിൽ വി. കുർബാന അർപ്പിച്ചു. |
| | 09.30 am | സെന്റ് മേരീസ് ഹൈസ്കൂളിൽ വായനദിനത്തോടനുബന്ധിച്ച് ദീപിക ഒരുക്കിയ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. |
| | 11.00 am | രൂപതാഭവനത്തിൽ വിവിധ പ്രസ്ക്ലബുകാർ ഒന്നുചേർന്ന മീറ്റിങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. |
| | 06.00 pm | കോട്ടാറ്റ് കോൺവെന്റിൽ സി. ധന്യ ബാസ്റ്റിന്റെ കബറിടത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 07.00 pm | നിർമ്മിച്ചുകൊണ്ടിരിക്കുന്ന വല്ലപ്പാടി പള്ളി സന്ദർശിച്ചു. |
| | 08.00 pm | അഷ്ടമിച്ചിറ, ജോൺപോൾ ഭവൻ സെമിനാരിയിൽ പുതിയ അദ്ധ്യയനവർഷം ഉദ്ഘാടനം ചെയ്യുകയും തിരുഹൃദയ പ്രതിഷ്ഠ നടത്തുകയും ചെയ്തു. |
| 20 | 06.00 am | സെന്റ് ജോസഫ് കോളേജിലെ 13 മണിക്കൂർ ആരാധനയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. |
| | 09.00 am | പൊതുജനങ്ങളുമായി കൂടികാഴ്ച നടത്തി. |




**2023 ജൂൺ**

| | | |
|---|---|---|
| 21 | 07.15 am | പാക്സ്, പ്രീകാന |
| | 10.30 am | ചാലക്കുടി, അൽവേർണിയ പ്രൊവിൻഷ്യൽ ഹൗസ് |
| | 03.00 pm | ഫാ. ഫ്രാൻസിസ് ചിറയത്ത് ട്രസ്റ്റ്, മീറ്റിങ്ങ് |
| | 05.15 pm | കാട്ടൂർ, മോൺ എഫ്രേം പാലത്തിങ്കൽ - 25-ാം ചരമവാർഷികം |
| 22 | 06.15 am | ഇരിങ്ങാലക്കുട, അൽവേർണിയ നോവിഷ്യേറ്റ് ഹൗസ് |

| | | |
|---|---|---|
| | 10.00 am | പോട്ട, വയോജനസംഗമം |
| | 03.00 pm | സഭാനവീകരണം, മീറ്റിങ്ങ് |
| | 06.00 pm | റീജന്റ്സ് മീറ്റിങ്ങ് |
| 23 | 06.30 am | കാട്ടുങ്ങച്ചിറ, ഷേൺസ്റ്റാട്ട് കോൺവെന്റ് |
| | 10.00 am | എഡ്യുക്കേഷൻ കൗൺസിൽ മീറ്റിങ്ങ് |
| | 03.00 pm | താഴെക്കാട്, ചാരിറ്റി ഹൗസ് വെഞ്ചിരിപ്പ് |
| | 04.00 pm | ചാലക്കുടി, അവാർഡ് ഭവൻ |
| | 06.00 pm | ആളൂർ, തിരുഹൃദയഭവനം |
| 24 | 06.30 am | ഇരിങ്ങാലക്കുട, ഉദയ - വി. കുർബാന |
| | 11.30 am | കല്ലേറ്റുംകര, ഹോളിഫാമിലി പ്രൊവിൻഷ്യൽ ഹൗസ് - വി. കുർബാന |
| | 03.00 pm | PWF മീറ്റിങ്ങ് |
| | 05.00 pm | ഗുഡ്നെസ് ടി.വി. |
| 25 | 06.30 am | ഇരിങ്ങാലക്കുട, പ്രതീക്ഷഭവൻ - വി. കുർബാന |
| 26 | 06.30 am | പൊയ്യ, മാമ്മോദീസ |
| | 10.30 am | ഇരിങ്ങാലക്കുട, സോഷ്യൽ ആക്ഷൻ |
| | 06.30 pm | കല്ലേറ്റുംകര, പാക്സ് ഡേ |
| 27 | 06.00 am | പുല്ലൂർ, സേക്രട്ട് ഹാർട്ട് ഹോസ്പിറ്റൽ - വി. കുർബാന |
| | 09.00 am | പൊതുസന്ദർശകദിനം |
| | 06.00 pm | DBCLC - മൈനർ സെമിനാരി ബാച്ച് |
| 28 | 11.00 am | കൺസൽട്ടേഴ്സ് & ഫൊറോന വികാരിമാരുടെ - മീറ്റിങ്ങ് |
| | 07.00 pm | ചാലക്കുടി, സെന്റ് ജെയിംസ് ഹോസ്പിറ്റൽ |
| 29 | 07.15 am | കത്തീഡ്രൽ - വി. കുർബാന |
| | 06.00 pm | ഇരിങ്ങാലക്കുട, മൈനർ സെമിനാരി |
| 30 | 10.30 am | ആളൂർ, സെന്റ് ജോസഫ് സ്കൂൾ - വിജയോത്സവം |
| | 02.30 pm | പ്രസ്ബിറ്ററൽ കൗൺസിൽ |

**2023 ജൂലൈ**

| | | |
|---|---|---|
| 01 | 06.30 am | ചായ്പൻകുഴി - മാമ്മോദീസ |
| | 09.15 am | ആളൂർ, ചാരിറ്റി ഹൗസ് വെഞ്ചിരിപ്പ് |
| | 10.00 am | വല്ലക്കുന്ന്, സ്നേഹോദയ നഴ്സിങ്ങ് കോളേജ്, ഗ്രാജ്വേഷൻ സെറിമണി |
| | 02.30 pm | ഇരിങ്ങാലക്കുട, സ്കൂൾ അവാർഡ് ഡേ |

| | | |
|---|---|---|
| 03 | 07.30 am | കത്തീഡ്രൽ, ദുക്റാന - വി. കുർബാന |
| | 10.00 am | അമ്പഴക്കാട് - വി. കുർബാന |
| | 02.00 am | ഇരിങ്ങാലക്കുട, മതബോധനം അവാർഡ് ഡേ |
| 04 | 06.15 am | കുഴൂർ - മാമ്മോദീസ |
| | 09.00 am | പൊതുസന്ദർശക ദിനം |
| | 07.00 pm | കത്തീഡ്രൽ മെഗാഷോ |
| 05 | 07.15 am | പാക്സ് - പ്രീകാന |
| | 10.00 am | പി.ഒ.സി. |
| 06 | 09.30 am | രൂപത മാസധ്യാനം |
| | 03.00 pm | സെന്റ് ജെയിംസ് ട്രസ്റ്റ് മീറ്റിങ്ങ് |
| 07 | 10.30 am | സെന്റ് മേരീസ് എച്ച്.എസ്.എസ്. - വിജയോത്സവം |
| | 03.00 pm | സഹൃദയ ട്രസ്റ്റ് മീറ്റിങ്ങ് |
| 08 | 06.00 am | താഴൂർ - മാമ്മോദീസ |
| | 10.00 am | പാസ്റ്ററൽ കൗൺസിൽ |
| | 11.00 am | ചൗക്ക - വിവാഹം |
| 10 | 10.30 am | കുഴിക്കാട്ടുശ്ശേരി - വിവാഹം |
| | 05.00 pm | കത്തീഡ്രൽ - വി. കുർബാന (മാർ ജെയിംസ് പഴയാറ്റിൽ അനുസ്മരണം) |
| 11 | 09.00 am | പൊതുസന്ദർശകദിനം |
| 12 | 07.00 am | മൂന്നുമുറി - മാമ്മോദീസ |
| 13 | 09.00 am | പുല്ലൂർ - തിരുപ്പട്ടം - ഡീ. ആന്റണി കോടങ്കണ്ടത്ത് |
| 14 | 10.30 am | സെന്റ് മേരീസ് എച്ച്.എസ്. വിജയോത്സവം |
| 15 | 09.30 am | ദീപിക, ക്രൈസ്റ്റ് എഞ്ചിനീയറിങ്ങ് കോളേജ് |
| | 11.00 am | എം.ബി.എ. കോളേജ് |
| 16 | | എലിഞ്ഞിപ്ര ബെത്‌ലഹേം - അജപാലന സന്ദർശനം |
| 17 | 10.00 am | ദൈവാലയശുശ്രൂഷികളുടെ ഫാമിലി ഗാതറിങ്ങ് |
| 18 | | പൊതുസന്ദർശകദിനം |
| 19 | | കല്ലേറ്റുംകര, പാക്സ് - കെ.സി.എസ്.എൽ. |
| 20 | 10.00 am | സെന്റ് ജെയിംസ് ഹോസ്പിറ്റൽ - റിലീജിയസ് മീറ്റ് |
| | 06.00 pm | സെന്റ് ജെയിംസ് ഹോസ്പിറ്റൽ |

St. James' Hospital,
Chalakudy



## FIRST TIME IN KERALA

# CEREBRAL PALSY CLINIC

### Clinic Working Hours

**Every 2nd & 4th Saturday**
**09.00 am to 11.00 am**

### Our Team

**Dr. Binoy PS**
(Hand & Micro Surgeon)

**Dr. Sreejith P Krishnan**
(Paediatric Orthopaedic Surgeon)

**Dr. Aaron George**
(Paediatrician & Neonatologist)

**Dr. Varghese Antony Pallan**
(Neurologist)

**Sr. Akshaya CSS**
(Physiotherapist)



**For Enquires ;**
**+91- 480 2710 271, 2710 571**

Annual Sub. 200/-

# BULLETIN IRINJALAKUDA DIOCESE

Date of Publication : 23.06.2023
RNI Registeration No. KERMAL/2014/60912
Registered Postal Registeration No. KL/IJK/34/2021-2023
Posted at R.M.S. Irinjalakuda



KALPARAMBU



IRINJALAKUDA



KODAKARA



EDATHIRUTHY





KUTTIKAD



CHALAKUDY



MALA



AMBAZHAKAD



PARAPPUKARA



PUTHENCHIRA



SILCHAR MISSION



KODUNGALLUR CHURCH

Bishop's House, P.B. No.59, Irinjalakuda-680 121
Phone : 0480-2826830, 2826820, 2833560,2833561
2821582(Bp.P) Fax : 0480-2825050
Website : www.irinjalakudadiocese.com
E-mail-ijkbph@gmail.com

Printed and Published by MSGR. SEBASTIAN MALIEKAL,
on behalf of the Owner MAR PAULY KANNOOKADAN, Bishop of Irinjalakuda Diocese and printed at
ADOLF KOLPING PRESS, IRINJALAKUDA, THRISSUR Dist., KERALA, 680 121 and Published at
BISHOP'S HOUSE, IRINJALAKUDA, THRISSUR Dist., KERALA, 680 121, and edited by FR. NEVIN ATTOKARAN.

